# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാവേലിക്കര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-ജിഎ.8-343/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 17/04/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മാവേലിക്കര മുനിസിപ്പാലിറ്റി

സർ,

വിഷയം : മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
5.കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ-എ.എൽ.പി-ജിഎ.8-343/2023 തീയ്യതി: 17/04/2023

## ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ ജി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-03-2023 | 18-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-03-2023 | 18-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധ്യ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത് എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ് കുമാർ ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ സി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.വി.ശ്രീകുമാർ | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.മുംതാസ് എ.എം | സെക്രട്ടറി | 01-04-2021 | 11-11-2021 |
| ശ്രീ.രാജേഷ്.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-11-2021 | 01-01-2022 |
| ശ്രീ.നാരായണൻ.എസ്സ് | സെക്രട്ടറി | 02-01-2022 | 23-02-2022 |
| ശ്രീമതി.മേഘ മേരി കോശി | സെക്രട്ടറി | 24-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മനോജ്.ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.റംല | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയശ്രീ.എൽ | മുനിസിപ്പൽ എഞ്ചിനിയർ | 01-04-2021 | 22-09-2021 |
| ശ്രീമതി നിഷാ സുകുമാരൻ | മുനിസിപ്പൽ എഞ്ചിനിയർ | 23-09-2021 | 31-03-2022 |
| ശ്രീമതി.ചിത്ര.ജെ | വ്യവസായ വികസന ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മേഴ്സി കെ.വൈ | ഹെൽത്ത് ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീ.ദിലീപ് കുമാർ ടി.കെ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2021 | 16-09-2021 |
| ശ്രീ.പ്രമോദ്.എ.എസ്സ് | ഹെൽത്ത് സൂപ്പർവൈസർ | 17-09-2021 | 31-03-2022 |
| ഡോ.ജിതേഷ് | മെഡിക്കൽ ഓഫിസർ(അലോപ്പതി) | 01-04-2021 | 31-03-2022 |
| ശ്രീമതി.മോനി ഫിലിപ്പ് | ഐ സി ഡി എസ്സ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.പ്രിയ ശിവറാം | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ പരിശോധനാ സാക്ഷ്യ പത്രം | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | വസ്തുനികുതി- സർക്കാർ നിർദ്ദേശിച്ച ഉപയോഗക്രമങ്ങൾക്കുള്ള അടിസ്ഥാനവസ്തുനികുതി നിരക്ക് തീരുമാനിച്ചില്ല | 1-10 |
| 12 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയില്ല | 1-11 |
| 13 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 14 | തൊഴിൽ നികുതി ഒടുക്കാതെ നിരവധി അഭിഭാഷകർ-നഗരസഭക്ക് ലക്ഷക്കണക്കിന് രൂപയുടെ വരുമാനം നഷ്ടമാകുന്നു | 1-13 |
| 15 | പെട്രോൾ പമ്പുകൾ/ഗ്യാസ് ഏജൻസി എന്നിവിടങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നില്ല | 1-14 |
| 16 | ആധാരം എഴുത്ത് ഓഫീസിലെ ജീവനക്കാരെ (Document Writers & Staff) തൊഴിൽ നികുതി ചുമത്തുന്നില്ല | 1-15 |
| 17 | ട്യൂട്ടോറിയൽ രജിസ്ട്രേഷൻ എടുക്കുന്ന സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടുത്തുന്നില്ല | 1-16 |
| 18 | വാടക വരുമാനം- ഒഴിഞ്ഞുകിടക്കുന്ന മുറികളുടെ പുനർലേലം- തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസ്സം | 1-17 |
| 19 | വാടക-പിരിച്ചെടുക്കുന്നതിൽ വീഴ്ച-അടിയന്തിര നടപടികൾ അനിവാര്യം | 1-18 |
| 20 | ആസ്തികളിൽ നിന്നുള്ള യൂസർഫീസ് പിരിവ്, കാന്റീൻ നടത്തിപ്പ് -ലേലത്തിൽ നടന്നില്ല- വരുമാനനഷ്ടം | 1-19 |
| 21 | കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സേവന നികുതി ചുമത്തുന്നില്ല | 1-20 |
| 22 | കെട്ടിടങ്ങളുടെ ഉപയോഗക്രമം - പരിശോധനകൾ അനിവാര്യം | 1-21 |
| 23 | ലേലനിക്ഷേപം ലെഡ്ജർ കണക്കുകളുടെ കൃത്യത പരിശോധിക്കണം | 1-22 |

| | | |
|---|---|---|
| 24 | തെരുവ് വിളക്കുകളുടെയും മറ്റ് ആവശ്യങ്ങളുടെയും വൈദ്യുതി ബിൽ- ബാധ്യത പെരുകുന്നത് നഗരസഭയുടെ ധനകാര്യസ്ഥിതിയെ ബാധിക്കുന്നു | 1-23 |
| 25 | റിംഗ്കമ്പോസ്റ്റ് പദ്ധതി -ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല | 1-24 |
| 26 | ഷ്രേഡഡ് പ്ലാസ്റ്റിക്ക് - ഈടാക്കുന്ന ജി.എസ്.ടി ബന്ധപ്പെട്ട വകുപ്പിൽ അടക്കുന്നില്ല | 1-25 |
| 27 | സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു | 1-26 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 1-27 |
| 29 | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള സ്റ്റാറ്റ്യൂട്ടറി സബ്സ്ക്രിപ്ഷൻസ് നടത്തുന്നില്ല | 1-28 |
| 30 | മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതിക്കായി തുക ചെലവഴിച്ചു | 1-29 |
| 31 | ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 1-30 |
| 32 | 35.9 ലക്ഷം രൂപ പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക, തനത്ഫണ്ടിന് ബാധ്യത കൂട്ടുന്നു | 1-31 |
| 33 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ - പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 34 | 5,64,302/-രൂപ സ്വച്ഛഭാരത മിഷന്റെ അക്കൌണ്ടിലേക്ക് അധികമായി തിരിച്ചടച്ചു | 1-33 |
| 35 | വെള്ളക്കരക്കുടിശ്ശിക -അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-34 |
| 36 | ഭവന പുനരുദ്ധാരണം -പ്രവർത്തി പൂർത്തിയാക്കിയില്ല. | 1-35 |
| 37 | തെരുവ് വിളക്കുകൾ - വൈദ്യുതി ചാർജ്ജ് കുടിശ്ശിക അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല | 1-36 |
| 38 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-37 |
| 39 | ഇലക്ട്രിക് സാധനങ്ങൾ വാങ്ങൽ - അപാകതകൾ | 1-38 |
| 40 | വിവിധ ആവശ്യങ്ങൾക്ക് നൽകുന്ന മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ അനാസ്ഥ | 1-39 |
| 41 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ പദ്ധതി- മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെ തുക അനുവദിച്ചു | 1-40 |
| 42 | വെള്ളക്കരം-കോടികളുടെ ബാധ്യത - സർക്കാർ സഹായം തേടേണ്ടതാണ് | 1-41 |
| 43 | അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-42 |
| 44 | ഉണശീർഷ കണക്കുകളിൽ സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുകകൾ തുടരുന്നു | 1-43 |
| 45 | ഓഡിറ്റ് റിക്കവറി തുകകൾ തനത് ഫണ്ടിൽ തുടരുന്നു | 1-44 |
| 46 | അംബേദ്കർ പഠനകേന്ദ്രം-വരുമാനദായകമായ ആസ്തിയാക്കുന്നതിന് | 1-45 |

| | | |
|---|---|---|
| | ഊർജ്ജിത ശ്രമങ്ങളുണ്ടാകേണ്ടതാണ് | |
| 47 | 2,34,863 /-രൂപ സാക്ഷരതാ മിഷനിൽ നിന്നും ലഭിച്ചില്ല | 1-46 |
| 48 | NULM പദ്ധതി - വ്യക്തമായ മോണിട്ടറിംഗ് കൂടാതെ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു | 1-47 |
| 49 | സാമൂഹ്യ സുരക്ഷ പെൻഷൻ - പെൻഷണറുടെ മരണശേഷം അനുവദിക്കപ്പെടുന്ന അർഹമായ പെൻഷൻ യഥാർത്ഥ അനന്തരാവകാശികൾക്ക് കൈമാറുന്നില്ല | 1-48 |
| 50 | അഗതി ആശ്രയ പദ്ധതി - പദ്ധതി വിഹിതം ചെലവഴിക്കുന്നില്ല | 1-49 |
| 51 | LED ലൈറ്റ് സ്ഥാപിക്കൽ -അപാകതകൾ | 1-50 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റിംഗ് കംപോസ്റ്റ് പദ്ധതി-ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4- 7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 24.02.21 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 36,58,29,374 | 36,59,91,801 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക) | 19,60,99,879 | 20,54,54,393 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 30.07.2022 |

### 1-2-1 വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ

1) KURDFC ലോൺ B-5 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ലോൺ തുകക്ക് സമാനമായ തുക B-16 പട്ടികയിൽ പ്രിപെയ്ഡ് എക്സ്പെൻസസ് എന്ന രീതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. വായ്പ എടുത്ത തുക മുഴുവൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതിനാൽ ഈ തുക പ്രീ-പെയിഡ് എക്പെൻസ് എന്ന നിലയിൽ ഉൾപ്പെടുത്തേണ്ടതാണ്.

2) നഗരസഭക്ക് ലഭിക്കാനുള്ള/പിരിഞ്ഞുകിട്ടാനുള്ള നികുതി-നികുതിയിതര വരവ് ഇനങ്ങളുടെ കണക്കുകൾ സ്ഥാപനം സൂക്ഷിക്കുന്ന ഡിമാൻഡ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. കുടിശ്ശിക തുകകളിൽ, ഓപ്പണിംഗ് ബാലൻസ് ഷീറ്റിൽ എൻട്രിയായി ചേർത്തിട്ടുള്ള തുകകളും ഉൾപ്പെടുന്നു.

1) തൊഴിൽ നികുതി : രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഡിമാൻഡ്,കളക്ഷൻ, ബാലൻസ് എന്നിവയുടെ തൻവർഷ കണക്കുകൾ പരിശോധിച്ചുറപ്പാക്കാനാവില്ല.

എ)വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ നികുതി കുടിശ്ശിക (പട്ടിക B-15)ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | പ്രൊഫഷൻ ടാക്സ് (ഇൻസ്റ്റിറ്റ്യൂഷൻ/ ട്രേഡേഴ്സ് /പ്രൊഫഷണൽസ്)- തൻവർഷം | 11,82,193 |
| 2 | പ്രൊഫഷൻ ടാക്സ് (ഇൻസ്റ്റിറ്റ്യൂഷൻ/ ട്രേഡേഴ്സ് /പ്രൊഫഷണൽസ്)- കുടിശ്ശിക | 2,15,819 |

കുടിശ്ശികയായി ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമാക്കുന്ന അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

ബി) വാടക സംബന്ധിക്കുന്ന കുടിശ്ശിക കണക്കുകളിൽ കൃത്യതയില്ല, മുൻവർഷ കുടിശ്ശികകൾ എപ്രകാരമാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപ്പെടുത്തിയ ഡിസിബി പത്രികകൾ സൂക്ഷിച്ചിട്ടില്ല

സി) വസ്തുനികുതിയുടെ ഡേറ്റാ എൻട്രി ഇനിയും പൂർണ്ണമല്ലാത്തതിനാൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡിമാൻഡ് തുക കൃത്യമല്ല. വാർഷിക കണക്കുകളിൽ ഡിമാൻഡായി 2,65,80,750 രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തുനികുതിയിൽ തൻവർഷകുടിശ്ശിക വാർഷിക കണക്കുകൾ പ്രകാരം 12,72,932 രൂപയാണ്. 1.27 കോടി രൂപ കുടിശ്ശികയുണ്ട് എന്നതിനെ സാധൂകരിക്കുന്ന രേഖകൾ സ്ഥാപനത്തിന് ഹാജരാക്കാനായില്ല.

ഡി) 431190202 എന്ന ഹെഡ്ഡിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക പരസ്യനികുതിയുടെ കണക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പണം ആരിൽ നിന്നാണ് ലഭിക്കാനുള്ളതെന്ന വിവരങ്ങൾ ലഭ്യമായിരുന്നില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഇനം ഡെപ്പോസിറ്റുകളുടെ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ B7 പട്ടികയിൽ ഉൾപ്പെടുന്ന നഗരസഭയുടെ കൈവശമുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. ബി7 പട്ടിക പ്രകാരം ഒരു കോടിയിലധികം തുക സ്ഥാപനത്തിൽ മറ്റ് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നുള്ള നിക്ഷേപമുണ്ട്. ബാധ്യതയുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല.

4) അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ്, ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ്, എന്നീ തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കാവുന്ന രീതിയിൽ തയ്യാറാക്കിയ അഡ്വാൻസ് രജിസ്റ്റർ സ്ഥാപനം സൂക്ഷിച്ചിട്ടില്ല.ആയതിനാൽ B-18 പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല.

5) ബാങ്ക് അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തലിന് 2017 ലെ എൻട്രികൾ നിലവിലും ഉപയോഗിക്കുന്നു.

6) ബി-15 പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലൈബ്രറിസെസ് തുക ലഭിക്കുവാനുള്ള വസ്തുനികുതി കുടിശ്ശികയുമായി പൊരുത്തപ്പെടുന്നില്ല.

7) ഗുണഭോക്തൃവിഹിതമിനത്തിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല

8) കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ നൽകുവാനുള്ള തുക 320300100 എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തുന്നത്.എന്നാൽ ഈ ലെഡ്ജറിന്റെ ആദ്യ എൻട്രിയായി ബയോഡൈവേർസിറ്റി ഗ്രാന്റ് ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വാട്ടർ അതോറിറ്റി കുടിശ്ശിക വിവരങ്ങൾ ഉൾപ്പെടുത്തിയതിന്റെ കൃത്യതയും പരിശോധിച്ചുറപ്പാൻ കഴിയില്ല. മറ്റ് ബാധ്യതകൾ എന്ന നിലക്കാണ് വാട്ടർ അതോറിറ്റി കുടിശ്ശിക ഉൾപ്പെടുത്തേണ്ടത്.

9) നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന അഡ്വാൻസുകൾ (മുൻകൂർ തുക) പൂർണ്ണമായും അഡ്വാൻസ് എന്ന നിലയിലല്ല അക്കൌണ്ട് ചെയ്തിരിക്കുന്നത്. സാമ്പത്തികവർഷം കെ.എസ്.ഇ.ബി.ക്ക് നൽകിയ തുക ഉൾപ്പെടുത്തിയെങ്കിലും മുൻവർഷങ്ങളിലെ കണക്കുകൾ ഈ ഹെഡ്ഡിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ ഈ അഡ്വാൻസുകളുടെ വിനിയോഗം നിരീക്ഷിക്കാനാവില്ല.

10) തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ 31-03-22 ൽ 77,52,093 രൂപ(റഫറൻസ് ബിൽ നം.1158/22 തീയതി 2.2.22) നഗരസഭക്ക് ബാധ്യതയുണ്ട്. എന്നാൽ ഈ വിവരം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

11) സ്റ്റോക്ക് ഇൻ ഹാൻഡ്(B14) എന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള Other Stores എന്ന ഹെഡിലെ തുക 19,700(430109900)ഏതിനത്തിലുള്ളതാണെന്നും വിശദീകരിക്കപ്പെട്ടില്ല.

12) Other Payable(B-9/350309900) എന്ന ഹെഡിൽ 18.3.17 മുതലുള്ള സാംസ്കാരിക ക്ഷേമനിധി സെസ് ബാധ്യതയായി തുടരുന്നുണ്ട്. സാംസ്കാരിക ക്ഷേമനിധി സെസ് ഇനത്തിൽ ഒടുക്കുവാനുള്ള തുക ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

13) ഗുണഭോക്തൃവിഹിതമിനത്തിൽ നഗരസഭയിൽ ബാധ്യതയായി തുടരുന്ന തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ/രജിസ്റ്ററുകൾ ഹാജരാക്കിയില്ല.

14) വാർഷിക കണക്കുകളിലെ ബി-9 പട്ടിക ഹെഡ്കോഡ് 350300100 പ്രകാരം ബാധ്യതയായി ഒടുക്കുവാനുള്ള ലൈബ്രറി സെസ് 51,20,256 രൂപയാണ്. എന്നാൽ നഗരസഭയുടെ ലൈബ്രറി സെസ് കുടിശ്ശിക സംബന്ധിച്ച ഫയൽ(109624/13)പ്രകാരം 21-22 വരെയുള്ള ലൈബ്രറി സെസ് കുടിശ്ശിക 30,49,687 രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

15) VAT Payable എന്ന ഹെഡ്ഡിൽ(350300100) ഉൾപ്പെടുത്തിയിരിക്കുന്ന തുക 1,14,601 നിലവിലും നഗരസഭയുടെ ബാധ്യതയായി തുടരുകയാണ്.

16) Provision For Outstanding Profession Tax - Inst/Traders Prof എന്ന ഹെഡ്ഡിൽ (432120100)34,00,230 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിലവിലുള്ള കുടിശ്ശിക (Current+Arrear) 13,98,012 രൂപ മാത്രമാണ്. ഇപ്രകാരം തെറ്റായി വളരെ ഉയർന്ന തുക രേഖപ്പെടുത്തിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

17) സ.ഉ.ജി.ഒ.(സാധാ)2617/2022 തീയതി 31.3.22 പ്രകാരം നഗരസഭക്ക് ലഭിച്ച തുകകൾ ACRൽ ഉൾപ്പെടുന്നില്ല.

| | |
|---|---|
| വികസന ഫണ്ട്(പൊതു) | 26,28,630 |
| വികസന ഫണ്ട്(എസ്.സി.പി.) | 14,89,967 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 2,63,745 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 14,44,500 |

18) തനതുഫണ്ട് അക്കൌണ്ടിന്റെ പൊരുത്തപ്പെടുത്തലിൽ അപാകം നിലനിൽക്കുന്നു.

നഗരസഭ ഐ.ഡി.ബി.ഐ. ബാങ്കിൽ ആരംഭിച്ചിട്ടുള്ള തനതുഫണ്ട് അക്കൌണ്ടിന്റെ ബാങ്ക് ബുക്ക്, പാസ് ബുക്ക് പൊരുത്തപ്പെടുത്തൽ നടത്തിയതിൽ "Cheque Issued But Not Presented To The Bank" എന്നതിൽ നിശ്ചിത കാലാവധിയായ 3 മാസം കഴിഞ്ഞ നിരവധി ചെക്കുകൾ ഉൾപ്പെടുന്നു. കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടം 45 പ്രകാരം "കാലഹരണപ്പെട്ട ചെക്ക്" എന്ന ബാധ്യത ഹെഡിലേക്ക് കാലാവധി കഴിഞ്ഞ ചെക്കുകൾ മാറ്റി അക്കൌണ്ട് ചെയ്തിട്ടില്ല.

നഗരസഭക്ക് ചെക്ക്/ഡി.ഡി. എന്ന നിലക്ക് ലഭിച്ചിട്ടുള്ള നിരവധി തുകകൾ പണമായി മാറ്റിയിട്ടില്ല എന്ന നിലയിലാണ് പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തൊഴിൽ നികുതി, വാടക തുടങ്ങിയ തനത് വരുമാന ഇനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ബാങ്കുകൾ ഈ ചെക്കുകൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ

ചട്ടങ്ങൾ 20(1), (4) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,49,13,476.94 |
| വരവ് | 15,12,62,102 |
| ആകെ | 20,61,75,578.94 |
| ചെലവ് | 14,87,52,834 |
| നീക്കിയിരിപ്പ് | 5,74,22,744.94 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്(പൊതു വിഭാഗം) | | 1,86,45,000 | 1,86,45,000 | 1,86,44,120 | 880 | |
| വികസന ഫണ്ട് (എസ്സ്.സി.പി) | | 1,35,89,000 | 1,35,89,000 | 1,18,00,983 | 17,88,017 | |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | | 1,36,68,000 | 1,36,68,000 | 1,03,08,094 | 33,59,906 | |
| സംരക്ഷണ ഗ്രാന്റ്( നോൺ റോഡ്) | | 1,17,96,840 | 1,17,96,840 | 88,28,810 | 29,68,030 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ് | | 2,10,15,711 | 2,10,15,711 | 67,06,662 | 49,21,549 | 93,87,500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് | | 1,48,61,760 | 1,48,61,760 | 88,61,352 | 15,11,327 | 44,89,081 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 173 | 7,59,56,840 | 123 | 6,59,23,769 | 17 | 33 | 71.09% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 31,20,783 | 3,93,324 | 35,14,107 | 23,36,785 | 11,77,322 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 63,120/- | 28 |
| കർഷകതൊഴിലാളി പെൻഷൻ | 30,20,000/- | 199 |
| വിധവാ പെൻഷൻ | 1,31,16,400/- | 857 |
| വാർദ്ധക്യകാല പെൻഷൻ | 3,18,20,200- | 2264 |
| വികലാംഗ പെൻഷൻ | 34,96,000/- | 233 |
| അവിവാഹിത പെൻഷൻ | 8,49,800/- | 59 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ പരിശോധനാ സാക്ഷ്യ പത്രം

മാവേലിക്കര നഗരസഭയുടെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്-പരിശോധന 18.03.23 തീയ്യതിയിൽ 03.30 പി.എം.ന് സ്ഥാപന തലവനായ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 10,269/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കൗൺസിൽ മീറ്റിംഗുകളുടെ മിനിട്സ് സകർമ്മ സോഫ്റ്റ്‌വെയർ മുഖാന്തിരമായിരിക്കണമെന്ന സർക്കാർ നിർദ്ദേശം നഗരസഭയിൽ പാലിക്കുന്നില്ല.

2. കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല.

3. സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും

തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും, വരവ് തുകകൾ കൃത്യമായി പിരിച്ചെടുക്കുന്ന കാര്യത്തിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടൽ നടത്തുന്നില്ല.

5. ചെലവ് വൗച്ചറുകൾ ക്രമത്തിലും, ചിട്ടയായും സൂക്ഷിക്കുന്നില്ല.


6. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. ആസ്തി രജിസ്റ്ററിൽ ഭൂമി ഉൾപ്പെടെയുള്ള പല ആസ്തികളുടേയും വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

7. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 വസ്തുനികുതി- സർക്കാർ നിർദ്ദേശിച്ച ഉപയോഗക്രമങ്ങൾക്കുള്ള അടിസ്ഥാനവസ്തുനികുതി നിരക്ക് തീരുമാനിച്ചില്ല

വസ്തുനികുതി ചുമത്തുന്നതിലേക്കായി നഗരസഭ സർക്കാർ നിർദ്ദേശിക്കുന്ന ഓരോ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ നിർദ്ദേശിക്കുന്നുണ്ട്. സർക്കാരിന്റെ ആദ്യ വിജ്ഞാപനത്തിനുശേഷം പുതിയ ഉപയോഗക്രമങ്ങളോ ഉപവിഭാഗങ്ങളോ നിർദ്ദേശിക്കപ്പെടുകയും നിരക്ക് നിർണ്ണയത്തിനുള്ള സൌകര്യം സഞ്ചയ സോഫ്റ്റ്വേറിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭ ഈ വിഷയങ്ങളിൽ തീരുമാനം എടുത്ത് പുതിയതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് സഞ്ചയ സോഫ്റ്റ് വേറിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്വേറിൽ അടിസ്ഥാന നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്ക്രീനിന്റെ ചിത്രം ചുവടെ ചേർക്കുന്നു.


SANCHAYA | കായംകുളം മുനിസിപ്പാലിറ്റി | L S G D, Govt. of Kerala

Home Logout | SAJITHA KUMARI S

Back

നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്ക്രീൻ

| Sl.No | Function | Minimum Rate | Maximum Rate | Rate |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം | 6 | 15 | 12 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 40 | 70 | 60 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 70 | 90 | 80 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 40 | 70 | 60 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 90 | 140 | 120 |
| 6 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 40 | 70 | 50 |
| 7 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 40 | 70 | 60 |
| 8 | വിദ്യാഭ്യാസാവശ്യം | 6 | 15 | 12 |
| 9 | ആശുപത്രികൾ | 6 | 15 | 15 |
| 10 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 30 | 50 | 50 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 15 | 30 | 20 |
| 12 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 50 | 70 | 60 |
| 13 | റിസോർട്ടുകൾ | 80 | 90 | 90 |
| 14 | അമ്യൂസ്മെൻറ് പാർക്ക് | 30 | 50 | 45 |
| 15 | മൊബൈൽ ടെലഫോൺ ടവർ | 400 | 500 | 500 |
| 16 | കാർഷികാവശ്യത്തിനുള്ളവ | 0 | 0 | 0 |
| 17 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 30 | 45 | |
| 18 | റസിഡൻഷ്യൽ ഹോം സ്റ്റേ | 15 | 35 | |

Save

Better Viewed in Mozilla FireFox, Google Chrome and IE 8 & above

A Project of Information Kerala Mission under Local Self Government Department,Government of Kerala. Version:2.0.6

MSME -പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ കെട്ടിടങ്ങൾ എന്നിവയുടെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടില്ല. കൌൺസിൽ തീരുമാനമെടുത്ത് അടിസ്ഥാനവസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-11 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയില്ല

നഗരസഭയുടെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെപേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | വിദ്യാധിരാജ വിദ്യാപീഠം | II |
| 2 | ദക്ഷിണഭാരത ഹിന്ദി കോളേജ് | I & II |

| | | |
|---|---|---|
| 3 | എയിഡഡ് സ്കൂൾ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I |
| 4 | SSA ബ്ലോക്ക് പ്രോഗ്രാം ഓഫീസ് | I |
| 5 | ആയുഷ് പി.എച്ച്.സി (ഹോമിയോ) | I |
| 6 | HDBC ഹൌസിംഗ് ഫിനാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | I & II |
| 7 | കോൺകോർഡ് മോട്ടോർസ് മാവേലിക്കര | I & II |
| 8 | സെന്റ് പോൾസ് പ്രിന്റിംഗ് പ്രസ്സ് | I & II |
| 9 | എസ് കെ എഡ്യൂക്കേഷൻ സർവ്വീസ് | I & II |
| 10 | ഐഡിബിഐ ബാങ്ക് | I & II |
| 11 | കൊച്ചിൻ എക്സ്പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 12 | കെ.എസ്.എഫ്.ഇ – ബ്രാഞ്ച് 2 | II |
| 13 | ബജാജ് ആലിയൻസ് ലൈഫ് ഇൻഷ്വറൻസ് | I &II |
| 14 | സെന്റ് ജോൺസ്, മറ്റം | I & II |
| 15 | കെ.എൻ ശാസ്ത്രി മെമ്മോറിയൽ ആയുർവേദ | I & II |
| 16 | IOB മറ്റം | I & II |
| 17 | CSB തട്ടാരമ്പലം | I & II |
| 18 | മുത്തൂറ്റ് ഫിനാൻസ് തട്ടാരമ്പലം | I & II |
| 19 | സിറ്റി മെഡിക്കൽസ് | I & II |
| 20 | മണപ്പുറം ഫിനാൻസ് | I & II |
| 21 | ഇൻഡസ്ട്രിയൽ സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 22 | ലാൽജി മാമൻ ഡിസ്പെൻസറി | I & II |
| 23 | എസ് കെ വി സംസ്കൃത UPS | I & II |
| 24 | സതേൺ റയിൽവേ P WAY | I & II |
| 25 | FCI | II |
| 26 | മൈനർ ഇറിഗേഷൻ | II |
| 27 | ലിറ്റിൽ കിംഗ്ഡം പ്ലേ സ്കൂൾ | II |
| 28 | രാംകോ ഡെന്റൽ കെയർ | I & II |
| 29 | പോളച്ചിറക്കൽ മെഡിക്കൽ സെന്റർ | I & II |
| 30 | IIFT | I & II |
| 31 | റിലയൻസ് ഫ്യൂവൽ സ്റ്റേഷൻ | II |
| 32 | സൌപർണ്ണിക ഹോം സെന്റർ | I & II |
| 33 | ട്രാവൻകൂർ റീജെൻസി | I & II |
| 34 | മോർ റീട്ടെൽ ലിമിറ്റഡ് | I & II |
| 35 | ബി-ഗുഡ് | I & II |

| | | |
|---|---|---|
| 36 | SBI SME ബ്രാഞ്ച് | I & II |
| 37 | പ്രിസൈസ് ഐ ക്ലിനിക്ക് | I & II |
| 38 | ടിജ്ജസ് അക്കാഡമി | I |
| 39 | ഒഫീഷ്യൽ റിസീവർ ഓഫീസ് | I & II |
| 40 | സാന്റ മോണിക്ക | I & II |
| 41 | NIFE | I & II |
| 42 | ചാക്കോ മെമ്മോറിയൽ ലാബ് | I & II |
| 43 | DDRC | I & II |
| 44 | PWD റോഡ്സ് | II |
| 45 | ഉപാസന മെഡിക്കൽസ് | I & II |
| 46 | മെക്സ് കോളേജ്. മാവേലിക്കര | II |
| 47 | കേരള ഗ്രാമീൺ ബാങ്ക് | I |
| 48 | സിൻഡിക്കേറ്റ് ബാങ്ക് | I & II |
| 49 | ICICI പ്രൂഡൻഷ്യൽ മാവേലിക്കര | I & II |
| 50 | ജിയോജിത്ത് സെക്യൂരിറ്റീസ് | I & II |
| 51 | കൊൺകോഡ് മോട്ടോർസ്, മാവേലിക്കര | I & II |
| 52 | കോർപ്പറേഷൻ ബാങ്ക് | I & II |
| 53 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് | II |
| 54 | വൃന്ദാവൻ ആയുർവേദ നേഴ്സിംഗ് ഹോം | II |
| 55 | കണ്ണാട്ട് ഫിനാൻസ് നിധി ലിമിറ്റഡ് | II |
| 56 | യൂണിമണി ഫിനാൻസ് | II |
| 57 | ത്രിവേണി സൂപ്പർ മാർക്കറ്റ് | I & II |
| 58 | താലൂക്ക് ഓഫീസ് | I |
| 59 | വിക്രം സാരാഭായി ITE | I & II |
| 60 | STO, മാവേലിക്കര | II |
| 61 | സ്പെഷ്യൽ ഗ്രേഡ് സബ് ഗ്രൂപ്പ് ഓഫീസ്, കണ്ടിയൂർ ദേവസ്വം | II |
| 62 | സബ് ഗ്രൂപ്പ് ഓഫീസ്, തട്ടാരമ്പലം ദേവസ്വം | II |
| 63 | സബ് ഗ്രൂപ്പ് ഓഫീസ്, മാവേലിക്കര | I & II |
| 64 | SBI Jറീജിയണൽ ഓഫീസ് | II |
| 65 | ഓറിയന്റൽ ഇൻഷുറൻസ് | II |
| 66 | മുത്തൂറ്റ് ഫിനാൻസ്, OPP. KSRTC | II |
| 67 | ചന്ദ്ര സ്റ്റോഴ്സ് | I & II |
| 68 | കോന്നി ഹയർ പർച്ചേസ് ആൻഡ് ലീസിംഗ് ലിമിറ്റഡ് | I & II |
| 69 | DHFL | II |
| 70 | ആശിർവാദ് മൈക്രോഫിനാൻസ് | I & II |
| 71 | ആർവി ബേക്കറി | I & II |
| 72 | ബൈബിൾ കോളേജ് | I & II |

| | | |
|---|---|---|
| 73 | നാഷണൽ ഇൻഷുറൻസ് കമ്പനി | I & II |

തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ഈടാക്കി രസീത് /ഡേ ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പിഴപലിശസഹിതം തൊഴിൽ നികുതി ഈടാക്കി വിവരം (രസീതിന്റെ പകർപ്പ് സഹിതം)ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-12 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 പ്രകാരം നഗരസഭ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയിൽ നിന്നും സർക്കാർ കാലാകാലങ്ങളിൽ ഇളവ് നൽകിയ വിഭാഗത്തിന്റെയൊഴികെ തൊഴിലിലോ ജോലിയിലോ കലയിലോ ബിസിനസ്സിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള തൊഴിൽ നികുതി ചുമത്തൽ പൂർണ്ണമല്ല. നിരവധി സ്ഥാപങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ ട്രേഡേഴ്സിന്റെ / പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യീടാക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ചയുണ്ടായി. സ്ഥാപനം പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാൻഡ് രജിസ്റ്റർ പ്രകാരം 2021-22വർഷം സ്ഥാപനങ്ങളുടെ ട്രേഡേഴ്സിന്റെ/ പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ, മാവേലിക്കര | I & II |
| 2 | ആലപ്പി ജ്യൂവലേഴ്സ്, മാവേലിക്കര | I & II |
| 3 | കേരള ഗ്രാമീൺ ബാങ്ക്, മാവേലിക്കര | I & II |
| 4 | സിൻഡിക്കേറ്റ് ബാങ്ക്, മാവേലിക്കര | I & II |
| 5 | സി ചാക്കോ ആൻഡ് സൺസ് മാവേലിക്കര | I & II |
| 6 | റോയൽ കോഫി, മാവേലിക്കര | I & II |
| 7 | ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി, മാവേലിക്കര | I & II |
| | ICICI പ്രൂഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് | I & II |
| 7 | സൌത്ത് ഇൻഡ്യൻ ബാങ്ക്, മാവേലിക്കര | I & II |
| 8 | ബജാജ് ആലിയൻസ്, മാവേലിക്കര | I & II |
| 9 | ജ്യോജിത്ത് സെക്യൂരിറ്റീസ് | I & II |
| 10 | കാനറ ബാങ്ക് | I & II |
| 11 | കോർപ്പറേഷൻ ബാങ്ക്, മാവേലിക്കര | I & II |
| 12 | കണ്ണാട്ട് ഫിനാൻസ് നിധി ലിമിറ്റഡ്, മാവേലിക്കര | I & II |
| 13 | കെ.എസ്.എഫ്.ഇ മാവേലിക്കര | I & II |
| 14 | യൂണിമണി | II |
| 15 | ധനലക്ഷ്മി ബാങ്ക്, മാവേലിക്കര | I & II |
| 16 | നാഷണൽ ഇൻഷുറൻസ്, തട്ടാരമ്പലം | I & II |
| 17 | എസ്.ബി.ഐ ടൌൺ ബ്രാഞ്ച് | I & II |
| 18 | എസ്.ബി.ഐ മെയിൻ ബ്രാഞ്ച് | I & II |
| 19 | ഓറിയന്റൽ ഇൻഷുറൻസ് കമ്പനി | I & II |
| 20 | എസ്.ബി.ഐ – NRI ബ്രാഞ്ച് | I & II |
| 21 | മുത്തൂറ്റ് ഫിനാൻസ്, മാവേലിക്കര(OPP. KSRTC) | I & II |
| 22 | കേരള ബാങ്ക്, മാവേലിക്കര | I & II |

| | | |
|---|---|---|
| 23 | SBI RASMEC, മാവേലിക്കര | I & II |
| 24 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, കല്ലുമല | I &II |
| 25 | ഗവ.സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മാവേലിക്കര | I & II |
| 26 | രാഹുൽ ട്രേഡേഴ്സ് മാവേലിക്കര | I & II |
| 27 | കോന്നി ഹയർ പർച്ചേസ് ആൻഡ് ലീസിംഗ് ലിമിറ്റഡ് | I & II |
| 28 | മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ്, മാവേലിക്കര | I & II |
| 29 | PCARD ബാങ്ക് | I & II |
| 30 | DHFL | I & II |
| 31 | HDFC | I |
| 32 | SBI ലൈഫ് | I & II |
| 33 | ഐ.ഡി.ബി ഐ ബാങ്ക് | I & II |
| 34 | കൊച്ചിൻ എക്സ്പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 35 | KSFE, കണ്ടിയൂർ ബ്രാഞ്ച് | I & II |
| 36 | IOB, മറ്റം ബ്രാഞ്ച് | I & II |
| 37 | കാത്തോലിക് സിറിയൻ ബാങ്ക്, തട്ടാരമ്പലം | I & II |
| 38 | മുത്തൂറ്റ് ഫിനാൻസ്, തട്ടാരമ്പലം | I & II |
| 39 | കൊശമറ്റം ഫിനാൻസ്, പുതിയകാവ് | I & II |
| 40 | മണപ്പുറം ഫിനാൻസ് | I & II |
| 41 | ഇൻഡസ്ട്രിയൽ സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 42 | SML ഫിനാൻസ് ലിമിറ്റഡ്, മാവേലിക്കര | I |
| 43 | യുണൈറ്റഡ് ഇൻഡ്യ അഷ്വറൻസ്, മാവേലിക്കര | I & II |
| 44 | HDB ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് | I & II |
| 45 | ICL ഫിൻകോർപ്പ്, മാവേലിക്കര | I & II |
| 46 | കെ.എൽ.എം. ആക്സിവ, മാവേലിക്കര | I & II |
| 47 | കെ.പി.എൽ നിധി ലിമിറ്റഡ് | I & II |
| 48 | താഴയിൽ നിധി ലിമിറ്റഡ്, മാവേലിക്കര | I & II |
| 49 | മുത്തൂറ്റ് മിനിഫൈനാൻസിയേഴ്സ് | I & II |
| 50 | LIC ഓഫ് ഇൻഡ്യ | I & II |
| 51 | മണപ്പുറം ഫിനാൻസ് | I & II |
| 52 | ബാങ്ക് ഓഫ് ബറോഡ പുതിയകാവ് | I & II |
| 53 | മുത്തൂറ്റ് ഫിൻകോർപ്പ് | I & II |
| 54 | മുത്തൂറ്റ് ഫൈനാൻസിയേഴ്സ് | I & II |
| 55 | സുന്ദരം ഫൈനാൻസ് | I & II |
| 56 | സി ചാക്കോ ആൻഡ് സൺസ് | I & II |
| 57 | HDFC ബാങ്ക് | I & II |
| 58 | CSB ബാങ്ക്, മാവേലിക്കര | I |
| 59 | IOB മാവേലിക്കര | I & II |

| | | |
|---|---|---|
| 60 | SC/ ST കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മാവേലിക്കര | I & II |
| 61 | പ്രതിഭ തീയേറ്റർ, പുതിയകാവ് | I & II |
| 62 | പോപ്പുലർ വെഹിക്കിൾസ് ആൻഡ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 63 | കോറൽ ഗ്യാസ് ഏൻസി | I & II |
| 64 | ഹെർക്കുലീസ് ഓട്ടോമൊബൈൽസ് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 65 | മുത്തൂറ്റ് മെർക്കന്റൈൽസ് | I & II |
| 66 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, സൂപ്പർമാർക്കറ്റ്- | I & II |
| 67 | ഇൻഡസ് മോട്ടോർസ് | I & II |
| 68 | ഉദയ മോട്ടോർസ് | II |
| 69 | മേൽക്കർ ഫിനാൻസ് ആൻഡ് ലീസിംഗ് ലിമിറ്റഡ് | I & II |
| 70 | ഭാസ്കരമൊബൈൽസ് | I & II |
| 71 | മാവേലിക്കര മിൽക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II |
| 72 | സപ്ലൈകോ, തട്ടാരമ്പലം | I & II |
| 73 | CSB ബാങ്ക്, കല്ലുമല | I & II |
| 74 | ശ്രീ ഗോകുലം ചിറ്റ്സ് | I & II |
| 75 | ഇൻഡസ് ഇൻഡ് ബാങ്ക് | I & II |
| 76 | പഞ്ചാബ് നാഷണൽ ബാങ്ക് | I & II |
| 77 | സംഗം ടെക്സ്റ്റൈൽസ് | I & II |
| 78 | അയ്യപ്പാസ്, ടെക്സ്റ്റൈൽസ് | I & II |
| 79 | AVJ ജുവലേഴ്സ് | I |
| 80 | മാക്സ്വാല്യൂ ക്രഡിറ്റ് ആൻഡ് ഇൻവസ്റ്റമെന്റ് | I & II |
| 81 | ICICI ബാങ്ക് | I & II |
| 82 | PNB മെറ്റ് ലൈഫ് | I & II |
| 83 | സപ്ലൈകോ താലൂക്ക് ഡിപ്പോ മാവേലിക്കര | I & II |
| 84 | ആദിത്യബിർള സൺലൈഫ് ഇൻഷുറൻസ് | I & II |
| 85 | ജെന്റിൽമാൻ ചിറ്റ്സ് | I & II |
| 86 | ബ്ലൂചിപ്പ് കോർപ്പറേറ്റ് ഇൻവെസ്റ്റ്മെന്റ് മാവേലിക്കര | I & II |
| 87 | സ്വപ്ന ഫാഷൻ ജുവലേഴ്സ് | I & II |
| 88 | മുളമൂട്ടിൽ നിധി ലിമിറ്റഡ് | I & II |
| 89 | യൂണിയൻ ബാങ്ക്, മാവേലിക്കര | I & II |
| 90 | കൊയർഫെഡ് ഷോറൂം, മാവേലിക്കര | I & II |
| 91 | മോർ സൂപ്പർമാർക്കറ്റ് | I & II |
| 92 | റിലയൻസ് ട്രെൻഡ്സ് | II |
| 93 | ഈസാഫ് സ്മോൾ ബാങ്ക് | I & II |

തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളപക്ഷം രസീതിന്റെ / ഡേബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെങ്കിൽ പിഴപലിശ സഹിതം ഈടാക്കി രസീത്/ഡേബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഒടുക്കാതെ നിരവധി അഭിഭാഷകർ-നഗരസഭക്ക് ലക്ഷക്കണക്കിന് രൂപയുടെ വരുമാനം നഷ്ടമാകുന്നു

മാവേലിക്കരനഗരസഭ പരിധിയിൽ ചുവടെ ചേർക്കുന്ന കോടതികൾ പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| 1 | അഡീഷണൽ ജില്ലാ കോടതി-I, മാവേലിക്കര |
| 2 | അഡീഷണൽ ജില്ലാ കോടതി-II, മാവേലിക്കര |
| 3 | അഡീഷണൽ ജില്ലാ കോടതി-III, മാവേലിക്കര |
| 4 | കുടുംബ കോടതി, മാവേലിക്കര |
| 5 | സബ് കോടതി, മാവേലിക്കര |
| 6 | മുൻസിഫ് കോടതി, മാവേലിക്കര |
| 7 | ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി- I, മാവേലിക്കര |
| 8 | ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി- II, മാവേലിക്കര |

കോടതികളുമായി ബന്ധപ്പെട്ട് നൂറിലധികം അഭിഭാഷകരും ഗുമസ്തൻമാരും ജോലിചെയ്യുന്നുണ്ട്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിൽ നഗരസഭ വർഷങ്ങളായി പരാജയപ്പെടുന്ന സ്ഥിതിയാണുള്ളത്. വർഷങ്ങൾക്ക് മുൻപുള്ള ഡിമാൻഡ് രജിസ്റ്ററുകളിൽ ചില അഭിഭാഷകരുടെ പേര് രേഖപ്പെടുത്തിയിരുന്നെങ്കിലും തുക ഒന്നും തന്നെ ആരിൽ നിന്നും ഈടാക്കിയിരുന്നില്ല. നിലവിലുള്ള ഡിമാൻഡ് രജിസ്റ്ററിൽ ഒരു അഭിഭാഷകൻ പോലും ഉൾപ്പെടുന്നില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം-3(2)പ്രകാരം അഭിഭാഷകർ ഓരോ അർദ്ധവർഷവും 1250/- രൂപ തൊഴിൽ നികുതി നഗരസഭയിൽ ഒടുക്കേണ്ടതാണ്. നൂറിലധികം അഭിഭാഷരുടെ ഓഫീസുകൾ നഗരസഭ പ്രദേശത്ത് സ്ഥിതി ചെയ്യുന്നുണ്ട്. അഭിഭാഷകരെയും അഭിഭാഷകരുടെ ഓഫീസ് ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തി ഈടാക്കാത്തത് നഗരസഭക്ക് ലക്ഷങ്ങളുടെ വരുമാന നഷ്ടമുണ്ടാക്കുന്നുണ്ട്. നഗരസഭ കൌൺസിലിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതും നിയമപരമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 പെട്രോൾ പമ്പുകൾ/ഗ്യാസ് ഏജൻസി എന്നിവിടങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നില്ല

മാവേലിക്കര നഗരസഭ പരിധിയിൽ 9 ഫ്യൂവൽ സ്റ്റേഷനുകളും 3 ഗ്യാസ് ഏജൻസികളും പ്രവർത്തിക്കുന്നുണ്ട്. ഫ്യൂവൽ സ്റ്റേഷനുകളുടെയും ഗ്യാസ് ഏജൻസികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | മാധവം ഫ്യൂവൽസ് |
| 2 | ശ്രീഭദ്ര ഫ്യൂവൽസ് |
| 3 | ജോർജിയൻ ഫ്യൂവൽസ് |
| 4 | കടവിൽ ഫ്യൂവൽസ് |
| 5 | മോഹൻ ഫ്യൂവൽസ് |
| 6 | പുളിമൂട്ടിൽ ഫ്യൂവൽസ് |
| 7 | ജെ.എൻ.ഫ്യൂവൽസ് |
| 8 | ഐസക് & കളത്തിൽ ഐ.ഒ.സി. ഫ്യൂവൽ സ്റ്റേഷൻ |
| 9 | കെ.എസ്.ആർ.ടി.സി. യാത്ര ഫ്യൂവൽ സ്റ്റേഷൻ |
| 10 | ശിവശക്തി എച്ച്.പി. ഗ്യാസ് ഏജൻസീസ് |
| 11 | ഒയാസിസ് എന്റർപ്രൈസിസ് സൂപ്പർ ഗ്യാസ് ഏജൻസി |

ഇവിടങ്ങളിൽ ജോലിചെയ്തുവരുന്നവരെ ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ചുമത്തുന്നില്ല. ഫ്യൂവൽ സ്റ്റേഷനുകളിലെയും

ഗ്യാസ് ഏജൻസികളിലെയും മുഴുവൻ ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-15 ആധാരം എഴുത്ത് ഓഫീസിലെ ജീവനക്കാരെ (Document Writers & Staff) തൊഴിൽ നികുതി ചുമത്തുന്നില്ല

മാവേലിക്കര സബ് രജിസ്ട്രാർ ഓഫീസിനോട് ചേർന്ന് നിരവധി ആധാരം എഴുത്ത് ഓഫീസുകളും മുദ്രപത്ര/റവന്യൂ സ്റ്റാമ്പ് വിതരണ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ ഈ ഓഫീസുകളിൽ ജോലിചെയ്യുന്നവരെ (Document Writers & Staff) തൊഴിൽ നികുതി ചുമത്തുന്നതിന് നഗരസഭക്ക് കഴിഞ്ഞിട്ടില്ല. ഡിമാൻഡ് രജിസ്റ്ററിൽ നാല് പേരുടെ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിവച്ചിട്ടുള്ളതല്ലാതെ ഇത്തരം സ്ഥാപനങ്ങളുടെ കൃത്യമായ കണക്കുകൾപോലും നഗരസഭയുടെ പക്കലില്ല. ആധാരം എഴുതുന്നതിന് രജിസ്ട്രേഷൻ നടത്തി ജോലി ചെയ്യുന്നവരുടെയും ഈ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന മറ്റു ജീവനക്കാരുടെയും പട്ടിക തയ്യാറാക്കി 2023-24 ഒന്നാം അർദ്ധവർഷം മുതൽ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുതീടാക്കേണ്ടതാണ്. ഈ വിഷയത്തിലുണ്ടാകുന്ന പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-16 ട്യൂട്ടോറിയൽ രജിസ്ട്രേഷൻ എടുക്കുന്ന സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടുത്തുന്നില്ല

140100200 എന്ന ഹെഡ്ഡിലെ വരവ് വന്ന തുക പ്രകാരം 11 സ്ഥാപനങ്ങൾ മാവേലിക്കര നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നത് നഗരസഭ ശ്രമിച്ചിട്ടില്ല. തനത് വരുമാനം നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൌൺസിലിന്റെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

## 1-17 വാടക വരുമാനം- ഒഴിഞ്ഞുകിടക്കുന്ന മുറികളുടെ പുനർലേലം- തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസ്സം

നഗരസഭ പ്രദേശത്തുള്ള ആകെ ഷോപ്പിംഗ് കോംപ്ലകസുകളുടെ എണ്ണം, ഓരോന്നിലും വാടകകക്ക് നൽകിവരുന്ന മുറികളുടെ എണ്ണം, വാടകകക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്ന മുറികളുടെ എണ്ണം എന്നിവ സംബന്ധിച്ച് നഗരസഭ കൃത്യമായ കണക്കുകൾ സൂക്ഷിന്നതിനും ഒഴിഞ്ഞുകിടക്കുന്ന മുറികൾ സമയബന്ധിതമായി ലേലം ചെയ്യുനൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തി. ഈ വർഷം ഒഴിഞ്ഞുകിടക്കുന്ന പല മുറികളും കഴിഞ്ഞ വർഷവും ഒഴിഞ്ഞുകിടക്കുകയായിരുന്നുവെന്നാണ് വാടകരജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ നിന്നും വ്യക്തമാകുന്നത്. ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I) മുനിസിപ്പൽ ബസ് സ്റ്റാൻഡിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ്

1) 1 മുതൽ 3 വരെയുള്ള മുറികളും റൂം നമ്പർ 5,8,9,10 എന്നിവയും ഒഴിഞ്ഞുകിടക്കുന്നു.(കഴിഞ്ഞ സാമ്പത്തിക വർഷവും ഈ മുറികൾ ഒഴിഞ്ഞുകിടക്കുകയായിരുന്നു.)

2) മുനിസിപ്പൽ ബസ് സ്റ്റാൻഡിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ്-റൂം നം-6 വയോമിത്രം എന്നും റൂം നം-7 കാർഷിക വിപണനകേന്ദ്രം എന്നും രേഖപ്പെടുത്തിയിരിക്കുന്നു. മുറികൾ ഇപ്രകാരം നൽകുന്നതിന് കൌൺസിൽ തീരുമാനം ഉണ്ടായിരുന്നോയെന്ന് വ്യക്തമല്ല.

II) മുനിസിപ്പൽ വനിതവിപണനകേന്ദ്രം(റൂം നമ്പർ 5/27) (സുജ വി., പുളിമൂട്ടിൽ, മറ്റം തെക്ക്, തട്ടാരമ്പലം)പ്രതിമാസ വാടക 4691 04/21മുതൽ 06/21 വരെ രേഖപ്പെടുത്തലുകളില്ല. എന്നാൽ ജൂലൈ മുതൽ ഡിസംബർ വരെയുള്ള കുടിശ്ശിക ഒഴിവാക്കി നൽകിയിട്ടുണ്ട്.(CR 5/26-03-22). 03/21 ലെ വാടകയും കുടിശ്ശികയാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

III) പുന്നമ്മൂട് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ-11,ന് 2/20മുതലും 12 എന്ന റൂമിന് 3/19 മുതലും കുടിശ്ശികയുണ്ട്. നിലവിൽ ഒഴിഞ്ഞുകിടക്കുന്ന എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

IV) പുന്നമ്മൂട് പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം- 17/159/(39) ഡിസംബർ മുതൽ ഒഴിഞ്ഞുകിടക്കുന്നു. പുനർ ലേലം നടന്നതിന്റെ വിവരങ്ങളില്ല.

പുന്നമ്മൂട് പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം- 17/159/(37) ഒഴിഞ്ഞുകിടക്കുന്നു. കഴിഞ്ഞവർഷവും ഒഴിഞ്ഞുകിടക്കുകയായിരുന്നു.

V) പുതിയകാവ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം-4 ഒഴിഞ്ഞുകിടക്കുന്നു(കഴിഞ്ഞവർഷവും ഒഴിഞ്ഞുകിടക്കുകയായിരുന്നു)

VI) പഴയ ബസ്സ്റ്റാൻഡ് കോംപ്ലക്സ്-മിച്ചൽ ജം. റൂം നം-6 ഒഴിഞ്ഞുകിടക്കുന്നു.

VII) കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സാക്ഷരത കേന്ദ്രം 15/207 C എന്ന് രേഖപ്പെടുത്തി ഒഴിവാക്കിയിട്ടിരിക്കുന്നു

VIII) മുനിസിപ്പൽ ബങ്ക്- റൂം നമ്പർ 1,776 രൂപ പ്രതിമാസ വാടക റോബി മാത്യു, ബംഗ്ലാവ്പറമ്പിൽ, കല്ലുമല് പി ഒ,

ചെറുകുന്നം 04/21 -03/22 വരെ കുടിശ്ശിക എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

X) കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് Sc St ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ 2 ഒഴിഞ്ഞുകിടക്കുന്നു. (കഴിഞ്ഞസാമ്പത്തികവർഷവും ഒഴിഞ്ഞുകിടക്കുന്നു)

ആസ്തികളുടെ ലേലം/പുനർലേലം നടക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-48/18-03-23). പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ആകെ ബാധിക്കുന്ന ആസ്തികളുടെ ലേലം/ പുനർലേലം എന്നീ വിഷയങ്ങളിൽ നഗരസഭ കൌൺസിലിന്റെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്. വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 വാടക-പിരിച്ചെടുക്കുന്നതിൽ വീഴ്ച-അടിയന്തിര നടപടികൾ അനിവാര്യം

നഗരസഭയുടെ വാടക സംബന്ധിക്കുന്ന ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികൾ സാമ്പത്തിക വർഷം വാടക കുടിശ്ശിക ഉള്ളവരായി കാണുന്നു. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം- 48/18-03-23) മറുപടി ലഭ്യമാക്കിയില്ല. വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും ലഭിക്കാനുള്ള വാടകക്കുടിശ്ശികയുടെ ഓഡിറ്റ് വർഷത്തെ വിവരം ചുവടെ ചേർക്കുന്നു.

| ആസ്തിയുടെ പേര് | കെട്ടിടത്തിന് രജിസ്റ്ററിൽ നൽകിയിരിക്കുന്ന നമ്പർ | കൈവശം വച്ചിരിക്കുന്ന ആളിന്റെ പേരും വിലാസവും | മാസവാടക | കുടിശ്ശിക സംബന്ധിക്കുന്ന വിവരം |
|---|---|---|---|---|
| പുന്നമ്മൂട് ഷോപ്പിംഗ് കോംപ്ലക്സ് | നം-7 | ലിജിമോൾ കെ.ആർ.<br>കണിയരിക്കൽ ഹൌസ്, ളാഹാശ്ശേരിൽ, ചെങ്ങന്നൂർ | 1181 | 4/21-3/22 |
| | നം-7 | ബ്രാഞ്ച് പോസ്റ്റ് മാസ്റ്റർ<br>പുന്നമ്മൂട് | 83 | 1/22- 3/22 |
| | 17/159(17) | സുനിൽ കുമാർ<br>കുറവൻ പറമ്പിൽ, പുന്നമ്മൂട് | 551 | 4/21-3/22 |
| പുന്നമ്മൂട് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | 1/40 | എ.കെ.സൂസമ്മ<br>കുറ്റിവേലിൽ കിഴക്കതിൽ<br>ഉമ്പർനാട്<br>കല്ലുമല് | 1596 | 4/21-3/22<br>(മുൻവർഷവും കുടിശ്ശിക) |
| | 2/41 | എ.കെ.സൂസമ്മ<br>കുറ്റിവേലിൽ കിഴക്കതിൽ<br>ഉമ്പർനാട്<br>കല്ലുമല് | 1596 | 4/21-3/22<br>(മുൻവർഷവും കുടിശ്ശിക) |
| | 17/159(31) | ഷിബു ജി.<br>പ്ലാവേലി കിഴക്കതിൽ മാവേലിക്കര | 2144 | 4/21-3/22<br>(മുൻവർഷവും കുടിശ്ശിക) |
| | 17/159(32) | ഷിബു ജി.<br>പ്ലാവേലി കിഴക്കതിൽ മാവേലിക്കര | 2144 | 4/21-3/22<br>(മുൻവർഷവും കുടിശ്ശിക) |

| ആസ്തിയുടെ പേര് | കെട്ടിടത്തിന് രജിസ്റ്ററിൽ നൽകിയിരിക്കുന്ന നമ്പർ | കൈവശം വച്ചിരിക്കുന്ന ആളിന്റെ പേരും വിലാസവും | മാസവാടക | കുടിശ്ശിക സംബന്ധിക്കുന്ന വിവരം |
|---|---|---|---|---|
| | 17/159/33 | സത്യദാസ്<br>പരുമലശ്ശേരിൽ<br>പുന്നമ്മൂട് | 1725 | 4/21-3/22 |
| | 34 | ഷാബു കെ.<br>എസ്സ്.കെ.എസ് ഭവനം<br>പല്ലാരിമംഗലം | 1575 | 4/21-3/22 |
| മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | നം-1 | പി.ടി.ചെറിയാൻ<br>ചെമ്പകപള്ളിൽ<br>ജോൺ വില്ല | 3700 | 04/21-03/22 |
| | നം-2 | ഷീബ നിസാർ<br>അഷിയാന<br>മാവേലിക്കര | 4439 | 04/21-03/22 |
| | നം-3 | ഹുസൈൻ<br>തട്ടാന്റയ്യത്ത്<br>കണ്ണമ്പള്ളി ഭാഗം<br>കായംകുളം | 3700 | 04/21-03/22 |
| | നം-4 | അനിൽ പി.വർഗ്ഗീസ്<br>പുനമറ്റം<br>അയ്മനം | 3511 | 04/21-03/22 |
| | നം-5 | ബെറ്റി മാത്യു<br>എബനേസർ കോട്ടേജ്<br>കണ്ടിയൂർ | 4263 | 04/21-03/22 |
| | നം-6 | ബിന്ദു എ.ആർ.<br>രാജി നികേത്<br>പൊന്നാരം തോട്ടം | 3700 | 01/22- 03/22 |
| | നം-7 | വി.മോഹനൻ<br>വി.ഒ.വിഹാർ<br>കൊയ്പ്പള്ളിൽ<br>കാരഴ്മ | 3700 | 04/21-03/22 |
| | നം-8 | വി.മോഹനൻ<br>വി.ഒ.വിഹാർ<br>കൊയ്പ്പള്ളിൽ<br>കാരഴ്മ | 3700 | |
| | നം-9 | ജോർജ് പോൾ<br>ആല്യംമൂട്ടിൽ | 3474 | 04/21-03/22 |

| ആസ്തിയുടെ പേര് | കെട്ടിടത്തിന് രജിസ്റ്ററിൽ നൽകിയിരിക്കുന്ന നമ്പർ | കൈവശം വച്ചിരിക്കുന്ന ആളിന്റെ പേരും വിലാസവും | മാസവാടക | കുടിശ്ശിക സംബന്ധിക്കുന്ന വിവരം |
|---|---|---|---|---|
| | | കാരിച്ചാൽ | | |
| | നം-10 | രാജി തോമസ് ജേക്കബ്, ചെറുപാറേത്ത്, എണ്ണക്കാട് | 4691 | 04/21-03/22 |
| | നം-11 | കെ.റ്റി.ജയരാജ് ജയഭവനം മണക്കാട് | 2544 | 04/21-03/22 |
| | നം-12 | കെ.രാജൻ | 3848 | 04/21-03/22 |
| | നം-13 | അജയൻ തൈപ്പറമ്പിൽ, മണക്കാട് | 1945 | 04/21-03/22 |
| മുനിസിപ്പൽ ബസ് സ്റ്റാൻഡിന് തെക്ക് വശത്തുള്ള കടമുറി | 5/15 | റജി സിബി അശ്വതിവില്ല കണ്ണമംഗലം വടക്ക് | 4020 | 01/22-03/22 |
| മുനിസിപ്പൽ ബസ് സ്റ്റാൻഡ് -പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം-4 | സോമൻ കാളിയമ്മൻ തറയിൽ ചെറുകോൽ | 5106 | 04/21-03/22 (08/19 മുതൽ കുടിശ്ശികയാണ്) |
| | റൂം നം-11 | സുനിൽകുമാർ ഇളയിടത്ത് പത്തിയൂർതോട്ടം | 2681 | 04/21-03/22 |
| | റൂം നം-12 | സുനിൽകുമാർ ഇളയിടത്ത് പത്തിയൂർതോട്ടം | 2681 | 04/21-03/22 |
| | റൂം നം-13 | സുനിൽകുമാർ ഇളയിടത്ത് പത്തിയൂർതോട്ടം | 2681 | 04/21-03/22 |
| | റൂം നം-14 | സുനിൽകുമാർ ഇളയിടത്ത് പത്തിയൂർതോട്ടം | 2681 | 04/21-03/22 |
| പുതിയകാവ് ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം-2 | ഗ്രേസൺ കെ.ജോയി വി.എം ഹൌസ് പള്ളിക്കൽ ഈസ്റ്റ് | 4463 | 01/22-03/22 (കോവിഡ് 19 ഒഴിവ് തീരുമാനം രേഖപ്പെടുത്തിയിട്ടില്ല) |
| | റൂം നം-4 | പ്രകാശ് രാമദാസ് ആത്മൽകാരന്റെ | 4052 | 04/21-03/22 |

| ആസ്തിയുടെ പേര് | കെട്ടിടത്തിന് രജിസ്റ്ററിൽ നൽകിയിരിക്കുന്ന നമ്പർ | കൈവശം വച്ചിരിക്കുന്ന ആളിന്റെ പേരും വിലാസവും | മാസവാടക | കുടിശ്ശിക സംബന്ധിക്കുന്ന വിവരം |
|---|---|---|---|---|
| | | തെക്കേതിൽ | | |
| പഴയ ബസ് സ്റ്റാൻഡ് കോംപ്ലക്സ്- സൌത്ത് ഓഫ് മിച്ച.ജം | 146D(4) | അഷ്റഫ് ചരുവിൽ ഹൌസ് കോടതി ജംഗ്ഷൻ | 5548 | 04/21-03/22 (03/20 മുതൽ കുടിശ്ശിക) |
| | 146E(5) | ഷാജിത മാമൂട്ടിൽ ഹൌസ് ഓച്ചിറ | 3105 | 04/21-03/22 |
| | | രമേശൻ രമേശ് ഭവനം മണക്കാട് | 5548 | 04/21-03/22 07/18 മുതൽ കുടിശ്ശിക) |
| പഴയ ബസ്സ്സ്റ്റാൻഡ് കോംപ്ലക്സ്- മിച്ചൽ ജം. | റൂം നം-4 | ഹസൻകോയ ഹാസി മൻസിൽ മുട്ടം, ഹരിപ്പാട് | 3238 | 04/21-03/22 |
| | റൂം നം-5 | ബാബു യു. സവിത മൻസിൽ കട്ടച്ചിറ | 3238 | 04/21-03/22 9/17 മുതൽ കുടിശ്ശിക |
| കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 15/207 A | ജി മത്തായി കട്ടച്ചിറ പുത്തൻ വീട് | 1881 | 01/22-03/22 |
| കണ്ടിയൂർ ലൈബ്രറി കെട്ടിടം | റൂം നം-1 | സജിത് കുമാർ കാളിയമ്മൻ തറയിൽ കണ്ടിയൂർ | 1849 | 04/21- 03/22 (08/19 മുതൽ കുടിശ്ശിക) |
| | റൂം നം-1 | സോമൻ കാളിയമ്മൻ തറയിൽ | 1849 | 04/21- 03/22 (08/19 മുതൽ കുടിശ്ശിക |
| കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് Sc St ഷോപ്പിംഗ് കോംപ്ലക്സ് | റൂം നമ്പർ -1 | രാജേഷ് കുമാർ കണിയാന്റയ്യത്ത് മറ്റം തെക്ക്, തട്ടാരമ്പലം | 4079 | 04/21-03/22 (4/19 മുതൽ) |
| | റൂം നമ്പർ -4 | ശ്രീജയൻ എസ്.ഡി. വെളങ്ങാട്ടുകിഴക്കതിൽ | 3528 | 04/21-03/22 (01/19 മുതൽ) |

നഗരസഭസമിതിയുടെ അടിയന്തിര നടപടികൾ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതും തുടർ നടപടികൾ സ്വീകരിച്ച് വാടകകുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-19 ആസ്തികളിൽ നിന്നുള്ള യൂസർഫീസ് പിരിവ്, കാന്റീൻ നടത്തിപ്പ് -ലേലത്തിൽ നടന്നില്ല- വരുമാനനഷ്ടം

താഴെ പറയുന്ന ആസ്തികളിൽനിന്നും യൂസർ ചാർജ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകിയതായി കാണുന്നില്ല.

1) പുന്നമൂട് ചന്ത ഫീസ് പിരിവ് ലേലത്തിൽ പോയില്ല

2) കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ടോയിലറ്റ് കോംപ്ലക്സ്

3) മുനിസിപ്പൽ പ്രൈവറ്റ് ബസ്സ്സ്റ്റാൻഡ് -വനിതാ കാന്റീൻ
ലേല, പുനർലേല വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.49 തീയതി 18.3.23) മറുപടി ലഭ്യമാക്കിയില്ല. ആസ്തികൾ ലേലം ചെയ്ത് നൽകാതിരിക്കുകവഴി നഗരസഭക്ക് വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. ലേലത്തിലും പുനർലേലത്തിലും (നടന്നിട്ടുണ്ടെങ്കിൽ) ടി സ്ഥാപനങ്ങളെ ആരും ഏറ്റെടുത്ത് നടത്തുവാൻ തയ്യാറാകാതിരുന്നതിന്റെ കാരണം ധനകാര്യ സ്ഥിരം സമിതി പഠന വിധേയമാക്കേണ്ടതും പഠനറിപ്പോർട്ടിനനുസരിച്ചുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-20 കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സേവന നികുതി ചുമത്തുന്നില്ല

ഫയൽ നം.R1/464/21
2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവനനികുതിയും സർചാർജ്ജും)ചട്ടങ്ങൾ 30(1) പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി സർവ്വീസ് ചാർജ്ജ് ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനം ഭാഗികമായി സേവനങ്ങൾ ചെയ്തു കൊടുക്കുന്നുവെന്ന ഗണത്തിൽപ്പെടുത്തി, യഥാർത്ഥത്തിൽ കണക്കാക്കേണ്ടുന്ന വസ്തു നികുതിയുടെ 50% വരുന്ന തുക സർവ്വീസ് ചാർജ്ജായി ഈടാക്കുവാൻ തീരുമാനിച്ചു. (കൗൺസിൽ തീരുമാനം നം.15 തീയതി 25.01.2022). കമ്മറ്റി തീരുമാനത്തിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.46 തീയതി 18.03.2023) മറുപടി ലഭിച്ചില്ല. നഗരസഭാ പരിധിയിൽ നിരവധി സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുണ്ട്. ആകയാൽ 2011 ലെ വസ്തുനികുതിയും, സേവനനികുതിയും സർചാർജ്ജും)ചട്ടങ്ങൾ 30(1) പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 കെട്ടിടങ്ങളുടെ ഉപയോഗക്രമം - പരിശോധനകൾ അനിവാര്യം

പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ കെട്ടിടനിർമ്മാണ അനുമതി നേടി നിർമ്മിച്ചതും പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ചതുമായ നിരവധി സ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഹോസ്റ്റലുകളായി പ്രവർത്തിക്കുന്ന സാഹചര്യമുണ്ട്. മാവേലിക്കര നഗരസഭ പ്രദേശത്ത് ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ സംബന്ധിക്കുന്ന വിവരങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-1/2021-22 നുള്ള മറുപടിയായി സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടെ ഉടമകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | നിലവിലെ ഉപയോഗക്രമം |
|---|---|---|---|
| 1 | 9/200 | ജിജി വർഗ്ഗീസ്, വിജി മാത്തുണ്ണി, കൊച്ചുപഴയമഠം | B-GHUD എന്ന സ്ഥാപനത്തിന്റെ ഹോസ്റ്റലായി പ്രവർത്തിക്കുന്നു |
| 2 | 9/27 | സൂസൻ എബ്രഹാം, മേരിവില്ല | B-GHUD എന്ന സ്ഥാപനത്തിന്റെ ഹോസ്റ്റലായി പ്രവർത്തിക്കുന്നു |
| 3 | 9/484 | ഗണേഷ് കുറുപ്പ്, ലക്ഷ്മി മന്ദിരം | B-GHUD എന്ന സ്ഥാപനത്തിന്റെ ഹോസ്റ്റലായി പ്രവർത്തിക്കുന്നു |
| 4 | 9/493/4 | എം.ജി.തുളസീദാസ്, മെഴുവേലിൽ വീട് | B-GHUD എന്ന സ്ഥാപനത്തിന്റെ ഹോസ്റ്റലായി പ്രവർത്തിക്കുന്നു |
| 5 | 9/412 | ലീലാമ്മ പങ്കജാക്ഷൻ | ഹോംസ്റ്റേ |

| | | | |
|---|---|---|---|
| | | നായർ, അമൃതവാണി | |
| 6 | 18/312/4 | ബോവസ് മാത്യു, പൊന്നമ്മ ഗ്രേസ് ഭവൻ | B-GHUD എന്ന സ്ഥാപനത്തിന്റെ ഹോസ്റ്റലായി പ്രവർത്തിക്കുന്നു |
| 7 | 18/312/5 | ബോവസ് മാത്യു, പൊന്നമ്മ ഗ്രേസ് ഭവൻ | B-GHUD എന്ന സ്ഥാപനത്തിന്റെ ഹോസ്റ്റലായി പ്രവർത്തിക്കുന്നു |
| 8 | 16/150/1 | മനുമനോഹർ, മനുഭവനം | “ |
| 9 | 16/164/3 | രാജഗോപാലൻ നായർ, തേജസ്സ് | “ |
| 10 | 16/204/1 | ലാലി, മേലോട്ടിൽ | “ |
| 11 | 16/204/2 | ലാലി, മേലോട്ടിൽ | “ |
| 12 | 16/86/1 | രശ്മി സുനിൽകുമാർ രാധേയം | “ |
| 13 | 16/230/1 | സുനിൽകുമാർ രാധേയം | “ |
| 14 | 16/164/4 | അരവിന്ദാക്ഷൻ, ബീന അഭിലാഷം | “ |
| 15 | 16/205/A | അരവിന്ദാക്ഷൻ, ബീന അഭിലാഷം | “ |
| 16 | 16/142 /3 | ഗോപാലകൃഷ്ണൻ, ശ്രേയസ്സ് | “ |
| 17 | 4/580/1 | മാത്യു ഫിലിപ്പ്, പുത്തൻ കോടിക്കൽ | “ |
| 18 | 4/579/1 | മാത്യു ഫിലിപ്പ്, പുത്തൻ കോടിക്കൽ | B-GHUD എന്ന സ്ഥാപനത്തിന്റെ ഹോസ്റ്റലായി പ്രവർത്തിക്കുന്നു |
| 19 | 28/185 | തുളസീദാസ്, ശ്രീ നിലയം | Tijus Accademy യുടെ ഹോസ്റ്റലായി പ്രവർത്തിക്കുന്നു |
| 20 | 27/7 | എ.ഡി.ജോൺ, ലതാജോൺ നെടുനാഗപ്പള്ളിൽ | അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്നു |
| 21 | 27/76/1 | ഡോ.ജോൺ ജോർജ്, കണ്ണങ്കര വടക്കതിൽ | അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്നു |
| 22 | 14/105 | രാജേന്ദ്രൻ പിള്ള, തെക്കേ മുക്കാലിൽ | TIJUS/ Bghud എന്നിവിടങ്ങളിലെ കുട്ടികളെ പാർപ്പിക്കുന്നു |
| 23 | 23/110 | ചന്ദ്ര പ്രസാദ്, സ്മിത രേവതി | TIJUS/ Bghud എന്നിവിടങ്ങളിലെ കുട്ടികളെ പാർപ്പിക്കുന്നു. |

നിലവിൽ ഈ സ്ഥാപനങ്ങളൊന്നും തന്നെ ഉപയോഗക്രമം മാറ്റിയിട്ടില്ല. സ്ഥാപനങ്ങളൊന്നും തന്നെ നഗരസഭയുടെ ലൈസൻസോടുകൂടിയല്ല പ്രവർത്തിക്കുന്നത്. നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും നടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 ലേലനിക്ഷേപം ലെഡ്ജർ കണക്കുകളുടെ കൃത്യത പരിശോധിക്കണം

340200200 എന്ന ബാധ്യത ഹെഡ്ഡിന്റെ ലഡ്ജർ പരിശോധിച്ചതിൽ 2,706,042.00 രൂപ മുന്നിരിപ്പായും 3,387,024.00 നീക്കിയിരിപ്പായും കാണുന്നു. മുന്നിരിപ്പായി തുടരുന്ന തുകയുടെ കൃത്യത പരിശോധിക്കണം. ഷോപ്പിംഗ് കോംപ്ലക്സുകളുടെ കടമുറികളുടെ ലേലത്തിൽ നഗരസഭ സ്വീകരിക്കുന്ന നിക്ഷേപം, വിവിധ സ്റ്റാളുകളുടെ ലേലതുക എന്നിവയെല്ലാം ഈ ഹെഡ്ഡിൽ ഉൾപ്പെടുത്തുകയും അക്രൂവൽ ഹെഡ്ഡിലേക്ക് മാറ്റുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇപ്രകാരം മാറ്റാത്ത തുകകൾ ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഷോപ്പിംഗ് കോംപ്ലക്സുകളുടെ ലേലനിക്ഷേപ തുകയുടെ വിശദവിവരങ്ങൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതുമാണ്. 2021-22 ൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകക്കാരിൽ നിന്നും സ്വീകരിച്ച നിക്ഷേപവും ലേലനിക്ഷേപത്തിന്റെ ഹെഡ്ഡിൽ തുടരുന്നുണ്ട്.

## 1-23 തെരുവ് വിളക്കുകളുടെയും മറ്റ് ആവശ്യങ്ങളുടെയും വൈദ്യുതി ബിൽ- ബാധ്യത പെരുകുന്നത് നഗരസഭയുടെ ധനകാര്യസ്ഥിതിയെ ബാധിക്കുന്നു

നഗരസഭ പ്രദേശത്തെ അൺമീറ്റേർഡ് തെരുവ് വിളക്കുകൾ, ഹൈമാസ്റ്റ് ലാമ്പുകൾ, മിനിമാസ്റ്റ് ലാമ്പുകൾ എന്നിവയുടെ പ്രതിമാസ ബില്ലുകൾക്കൊപ്പം നഗരസഭ അനുബന്ധ സ്ഥാപനങ്ങളുടെയും (വിവിധ സ്ഥലങ്ങളിലെ ആസ്തികൾ) കൈമാറികിട്ടിയ സ്ഥാപനങ്ങളുടെയും വൈദ്യുതി ചെലവുകളും നഗരസഭയിലേക്ക് പണം നൽകുന്നതിനായി എത്തുന്നുണ്ട്. വൈദ്യുതി ബില്ലുകളുടെ പണം ഒടുക്കമായി ബന്ധപ്പെട്ട കണ്ടിജന്റ് ചെലവ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം വർഷങ്ങൾക്ക് മുൻപ് പ്രവർത്തനം നിലച്ച ഇ-ടോയ്‌ലറ്റ് മുതൽ വളരെ അടുത്ത് സ്ഥാപിക്കപ്പെട്ട ക്ലോസ്ഡ് സർക്യൂട്ട് ടിവി ക്യാമറയൂണിറ്റുകളുടെ കൺസ്യൂമർ നമ്പരുകൾ വരെ ഉൾപ്പെടുന്നു. നിലവിൽ മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവ് വിളക്കുകളുടെ ബിൽതുക കൃത്യമായി ഒടുക്കിവരുന്നില്ല. ആയതിനുള്ള പണം കണ്ടെത്തുന്നതിന് സാധിക്കുന്നില്ലായെന്നതാണ് ഫയലുകളിൽ നിന്നും വ്യക്തമാകുന്നത്. 02.03.2022-ലെ കെ.എസ്.ഇ.ബി.യുടെ മീറ്റർ രഹിത തെരുവ് വിളക്കുകളുടെ (കൺസ്യൂമർ നമ്പർ-1155221002983) വൈദ്യുതി ബിൽ തുക 81,96,869 രൂപയാണ്. ഇതിൽ പലിശ സഹിതം ഉൾപ്പെടുത്തിയ കുടിശ്ശിക തുക 77,52,093 രൂപയാണ്. വാർഷിക കണക്കുകളിൽ മറ്റ് ബാധ്യതകളുടെ ഒപ്പം ഈ തുക ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭയിലെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ട്രീറ്റ് ലൈറ്റിന്റെ തരം | എണ്ണം | വാട്ട്സ് | ആകെ വാട്ട്സ് |
|---|---|---|---|---|
| 1 | CFL: Automatic On /Off - 2x11 | 315 | 22 | 6930 |
| 2 | Sodium Vapour Lamp 1x250 | 204 | 250 | 51000 |
| 3 | Fluorescent Tube- 1 X40 | 1744 | 40 | 139620 |
| 4 | Fluorescent Tube- 2x40 | 1055 | 80 | 42200 |
| ആകെ | | 3318 | | 239650 |

കാലാകാലങ്ങളായി മാറ്റി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾ ഊർജ്ജ ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി. വിളക്കുകളാണെങ്കിലും കെ.എസ്.ഇ.ബി. ഈ വിവരങ്ങൾ പരിഗണിക്കുന്നതേയില്ല. കെ.എസ്.ഇ.ബി.യുടെയും നഗരസഭയുടെയും കൈവശം കൃത്യമായ കണക്കുകളില്ലെങ്കിലും ബാധ്യത ഏകപക്ഷീയമായി നഗരസഭയുടെ ബാധ്യതയാകുകയും ബിൽ ഒടുക്കുന്നതിലെ കാലതാമസം/ ബിൽ ഒടുക്കാത്തത് തെരുവ് വിളക്കുകളുടെ വൈദ്യുതി വിച്ഛേദിക്കുന്ന തീരുമാനത്തിലേക്ക് കെ.എസ്.ഇ.ബി. എത്തുകയും ചെയ്യും. തെരുവ് വിളക്കുകളുടെ കൃത്യമായ കണക്കുകൾ

തയ്യാറാക്കുന്നതിന് നഗരസഭക്ക് സംവിധാനങ്ങൾ ഉണ്ടായിട്ടുപോലും കണക്കുകൾ തയ്യാറാക്കുന്നതിന് നിലവിലും കഴിഞ്ഞിട്ടില്ല.

കൃത്യമായ കണക്കുകൾ തയ്യാറാക്കി കുടിശ്ശിക തുക യഥാർത്ഥത്തിലുള്ളതാണോയെന്ന് പരിശോധിച്ച് കണക്റ്റഡ് ലോഡ് 239550 W ഇല്ലാത്തപക്ഷം കെ.എസ്.ഇ.ബി അധികൃതരെ സമീപിക്കേണ്ടതും വൈദ്യുതി ബിൽ കുടിശ്ശിക യിൽ ഇളവ് വരുത്തുവാൻ ആവശ്യപ്പെടേണ്ടതുമാണ്. ആവശ്യം നിരാകരിക്കുന്ന പക്ഷം നിയമനടപടികൾ സ്വീകരിച്ച് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 റിംഗ്കമ്പോസ്റ്റ് പദ്ധതി -ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർ വൈസർ

പ്രോജക്ട് നം.125/22

ഫണ്ട് - ശുചിത്വമിഷൻ ഫണ്ട്.

ചെലവ് 231325/- (ചെക്ക് നം. 110308/23.02.22)

2019-20 വർഷമാണ് നഗരസഭയിൽ റിംഗ് കമ്പോസ്റ്റ്(ജനറൽ) പദ്ധതി ആരംഭിച്ചത്. പദ്ധതിക്കായി ടെന്റർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ശ്രീ.മോഹൻകുമാറുമായി 20.12.2019 ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ കാലാവധി 2020 മാർച്ച് 30 വരെയായിരുന്നു. 2019-20, 2020-21, 2021-22 വർഷങ്ങളിൽ പ്രോജക്ടിന്റെ ഭാഗമായി റിംഗ് കമ്പോസ്റ്റുകൾ നൽകിയിട്ടുണ്ട്. 2021-22 വർഷം 95 റിംഗ് കമ്പോസ്റ്റുകൾ നൽകിയതിനായി ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 231325/-(95*2435) രൂപ ചെലവഴിച്ചു. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. 30.3.20 ന് ശേഷം ശ്രീ.മോഹൻകുമാറുമായുള്ള കരാർ നഗരസഭ പുതുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

2. ജി.ഒ.(എം.എസ്.) നം.3281/2018/തസ്വഭവ തീയതി 31.12.2018 ഉത്തരവ് പ്രകാരം വീടുകൾക്കുള്ള വിവിധ തലത്തിലുള്ള കമ്പോസ്റ്റിംഗ് യൂണിറ്റുകൾക്കുള്ള സബ്സിഡി ഗ്രാന്റ് 90%വും(തദ്ദേശ സ്ഥാപന വിഹിതം + ശുചിത്വ മിഷൻ വിഹിതം) ഗുണഭോക്തൃവിഹിതം 10% വും ആണ്. എന്നാൽ പദ്ധതി നടപ്പാക്കിയത് ഗുണഭോക്തൃവിഹിതം ഈടാക്കാതെ 100% സബ്സിഡി നിരക്കിലാണ്.

3. 2021-22 വർഷം തുക ചെലവഴിച്ച റിംഗ് കമ്പോസ്റ്റുകൾ ഗുണഭോക്താക്കൾക്ക് സ്ഥാപിച്ച് നൽകിയതിന്റെ വിവരം, കരാറുകാരൻ ഹാജരാക്കിയ ബിൽ എന്നിവ ഹാജരാക്കിയില്ല.

4. ആകെ സ്ഥാപിച്ച റിംഗ് കമ്പോസ്റ്റുകളുടെ എണ്ണം ലഭ്യമല്ല - ഫയൽ പരിശോധിച്ചതിൽ 2019-20 വർഷം 190, 2020-21 വർഷം 100 ഉൾപ്പെടെ ആകെ 290 റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചതായാണ് വ്യക്തമാകുന്നത്. എന്നാൽ 11.2.22 ലെ ഓഫീസ് നോട്ട് പ്രകാരം മുൻവർഷങ്ങളിൽ സ്ഥാപിച്ച റിംഗ് കമ്പോസ്റ്റുകളുടെ എണ്ണം 190 ആണ്. 190 റിംഗ് കമ്പോസ്റ്റുകളുടെ വില കണക്കാക്കിയാണ് വികസനഫണ്ടിൽ നിന്നും 2,813/-രൂപ അധികം ചെലവഴിച്ചതായും അത് ശുചിത്വമിഷൻ ഫണ്ടിൽ നിന്നും റിക്കൂപ്പ് ചെയ്യണമെന്നും രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ കൃത്യതക്കായി മുൻവർഷങ്ങളിലുൾപ്പെടെ ആകെ എത്ര റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചു എന്നതിന്റെയും ശുചിത്വമിഷൻ, പ്ലാൻ ഫണ്ട് ചെലവ് തുകകളുടെയും വിവരം നൽകാനാവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

സബ്സിഡി മാർഗ്ഗരേഖയിൽനിന്നും വ്യത്യസ്തമായി സബ്സിഡി അനുവദിച്ചത് കാരണം അധികം ചെലവഴിച്ച 23,133/- രൂപ നിരാകരിക്കുന്നു. മേൽ വിവരിച്ച അപാകതകൾ കാരണം ബാക്കിയുള്ള 2,08,192/- (231325- 23133) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം 10/10.3.23

## 1-25 ഷ്രെഡഡ് പ്ലാസ്റ്റിക്ക് - ഈടാക്കുന്ന ജി.എസ്.ടി ബന്ധപ്പെട്ട വകുപ്പിൽ അടക്കുന്നില്ല

സർക്കുലർ നം.ഡി.സി.1/282/2020 ത.സ്വ.ഭ.വ തീയതി 29.07.2020 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന റോഡു നിർമ്മാണ പ്രവൃത്തികളിൽ നിലവിലെ സർക്കാർ ഉത്തരവുകളും സർക്കുലറുകളും അനുസരിച്ച് ഷ്രെഡഡ് പ്ലാസ്റ്റിക്ക് അനുവദനീയമായ രീതിയിലും അളവിലും ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. നഗരസഭയിൽ ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉൽപാദനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആർ.ആർ.എഫിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ ക്ലീൻ കേരള മിഷന് (നിലവിൽ ഐ.ആർ.ടി.സിക്ക്) ബെയിൽഡ് പ്ലാസ്റ്റിക്ക് നൽകുന്നതിന് പുറമെ, റോഡു നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിനായി കരാറുകാർക്ക് ഷ്രെഡഡ് പ്ലാസ്റ്റിക്കും വിൽപ്പന നടത്തി വരുന്നു. ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വില ഒടുക്കൽ വിവരങ്ങൾ സ്റ്റോക്ക്, വിതരണ വിവരങ്ങൾ എന്നിവ വിശദമായി പരിശോധിച്ചതിൽ ചുവടെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1.ജി.എസ്.ടി പ്രത്യേകം ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടക്കുന്നില്ല

പ്ലാസ്റ്റിക് വേസ്റ്റ്/സ്ക്രാപ് ഇനങ്ങൾക്ക് ഈടാക്കേണ്ട ജി.എസ്.ടി – 18% (സി.ജി.എസ്.ടി9%+കെ.ജി.എസ്.ടി 9%)ആണ്. എന്നാൽ റോഡു നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന ഷ്രെഡഡ് പ്ലാസ്റ്റിക്ക് കരാറുകാർക്ക് വിൽക്കുമ്പോൾ പ്ലാസ്റ്റിക് വേസ്റ്റ്/സ്ക്രാപ് എന്ന നിലയിൽ വില ഈടാക്കി ഹരിത കർമ്മസേന ഗ്രൂപ്പിന്റെ ഐ.സി.ഐ.സി.ഐ ബാങ്കിന്റെ അക്കൌണ്ടിൽ (അക്കൌണ്ട് നം. 09390100211) നിക്ഷേപിക്കുന്നു. ജി.എസ്.ടി പ്രത്യേകം ഈടാക്കുകയോ ബന്ധപ്പെട്ട വകുപ്പിൽ അടക്കുകയോ ചെയ്യുന്നില്ല. 24.11.2018 മുതൽ സൂക്ഷിച്ചുവരുന്ന പ്ലാസ്റ്റിക്ക് സെയിൽ റിപ്പോർട്ട് രജിസ്റ്റർ പ്രകാരം 20-01-22 വരെ 17956 കിലോ. ഷ്രെഡഡ് പ്ലാസ്റ്റിക് വിറ്റതിന് കിലോയ്ക്ക് 21/- രൂപ നിരക്കിൽ 3,77,076/-രൂപ ലഭിച്ചിട്ടുണ്ട്. 18% ജി.എസ്.ടി കണക്കാക്കിയാൽ 67,874/- രൂപ ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതായിരുന്നു.

2.വേസ്റ്റ് ക്വാണ്ടിഫൈയിംഗ് രജിസ്റ്റർ (സ്റ്റോക്ക് രജിസ്റ്റർ) പരിപാലിക്കുന്നില്ല.

2018 മുതൽ ആരംഭിച്ച ഈ സംവിധാനത്തിന് നിലവിലും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് പോരുന്നില്ല. നിർമ്മാണത്തിനായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ അളവ്, ലഭിക്കുന്ന ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ അളവ്, വിതരണവിവരം, നീക്കി ബാക്കി എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. സെയിൽസ് റിപ്പോർട്ട് രജിസ്റ്ററിൽ, വിൽപ്പന വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. മേൽ സാഹചര്യത്തിൽ, നഗരസഭയുടെ കൈവശം മിച്ചമുള്ള ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ കണക്ക് ലഭ്യമല്ല. നിർമ്മാണത്തിനായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ അളവ്, ലഭിക്കുന്ന ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ അളവ്, വിതരണവിവരം, നീക്കി ബാക്കി എന്നിവ കൃത്യമാക്കി സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

3. പാസ്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

24.11.2018 മുതൽ സൂക്ഷിച്ചുവരുന്ന പ്ലാസ്റ്റിക്ക് സെയിൽ റിപ്പോർട്ട് രജിസ്റ്റർ പ്രകാരം 17956 കിലോ. ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വിലയിനത്തിൽ ലഭിച്ച 3,77,076/-രൂപ സീറോ വേസ്റ്റ് പ്രോജക്ടിന്റെ പേരിലുള്ള ഹരിത കർമ്മസേന ഗ്രൂപ്പിന്റെ ഐ.സി.ഐ.സി.ഐ ബാങ്ക് അക്കൌണ്ട് നം. 09390100211 നിക്ഷേപിക്കുന്നതായി രേഖപ്പെടുത്തുന്നു.പ്രസ്തുത അക്കൌണ്ടിന്റെ പാസ്സ് ബുക്ക് ഓഡിറ്റ് എൻക്വയറി മുഖേന (നം.30/2021-22 തീയതി 16.03.2023)പരിശോധനയ്ക്ക് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല.ഹരിതകർമ്മസേന ഗ്രൂപ്പിന്റെ പേരിൽ ക്ലീൻ കേരള മിഷനുമായുള്ള (നിലവിൽ ഐ.ആർ.റ്റി.സി) ഇടപാടുകൾക്കായി സൂക്ഷിക്കുന്ന ഒരു പാസ്സ് ബുക്ക് മാത്രമാണ് പരിശോധനയ്ക്ക് നൽകിയത്. ഗ്രൂപ്പ് അംഗങ്ങളുടെ പേരിൽ എടുത്തിട്ടുള്ള മേൽ സൂചിപ്പിച്ചിട്ടുള്ള പാസ്സ് ബുക്ക് നഗരസഭയിലെ ഹെൽത്ത് വിഭാഗത്തിന്റെ കൈവശം തിരിച്ച് എൽപ്പിച്ചുവെന്ന് അറിയിച്ചിട്ടുണ്ട്. പാസ്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ,ഈ അക്കൌണ്ടിലെ ട്രാൻസാക്ഷനുകൾ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

4. നിരക്ക് നിർണ്ണയത്തിൽ അവ്യക്തത

രസീത് പരിശോധിച്ചതിൽ,നഗരസഭ ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഒരു കിലോയ്ക്ക് 21/- രൂപ നിരക്കിൽ ഈടാക്കി മൊത്തം തുകയും പ്ലാസ്റ്റിക് വേസ്റ്റ്/സ്ക്രാപ് എന്ന അക്കൌണ്ട് ഹെഡ്ഡിലാണ് വകയിരുത്തുകയും ചെയ്യുന്നു.ജില്ലയിലെ മറ്റ് സ്ഥലങ്ങളിൽ 2021-22 വർഷം കിലോയ്ക്ക് 24/- രൂപ നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്(20/-രൂപ + ജി.എസ്.ടി !8%). നിരക്ക് നിർണ്ണയിച്ചത് സംബന്ധിച്ച രേഖകൾ, കൌൺസിൽ തീരുമാനം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. കൂടാതെ കിണറുവിള ജംഗ്ഷൻ റോഡ് ടാറിംഗിന് 187 കിലോ ഷ്രെഡഡ് പ്ലാസ്റ്റിക്ക് കരാറുകാരന് നൽകാൻ എഞ്ചിനിയർ ആവശ്യപ്പെട്ടതനുസരിച്ച് രസീത് നം. 106938/04-02-2022 പ്രകാരം 3,927/- രൂപ കരാറുകാരൻ നഗരസഭ ഫണ്ടിൽ ഒടുക്കി. ടി തുക ഐ.സി.ഐ.സി.ഐ ബാങ്ക് അക്കൌണ്ട് നം. 09390100211 -ൽ ക്രഡിറ്റ് ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലാനും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽസൂചിപ്പിച്ച ന്യൂനതകൾ വ്യക്തമാക്കി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭയുടെ ഭാഗത്തുനിന്നും യാതൊരു വിശദീകരണവും ലഭിച്ചില്ല. ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ സ്റ്റോക്ക്, വിതരണം, നീക്കി ബാക്കി വിവരങ്ങൾ, വില നിശ്ചയിക്കൽ, ഈടാക്കേണ്ട ജി.എസ്.ടി, ബന്ധപ്പെട്ട ഹെഡ്ഡ് ഓഫ് അക്കൗണ്ടുകളിലെ തുക ഒടുക്കൽ വിവരങ്ങൾ എന്നിവ കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്, നഗരസഭാ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ നഗരസഭയിലെ 2021-22 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ സസ്പെൻഡ് ചെയ്യാതെ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ചില ഉദാഹരണങ്ങൾചുവടെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ | പെൻഷൻ തരം | പെൻഷൻ | മരിച്ച | മരണം | അനർഹമായ | അനർഹമായ |
|---|---|---|---|---|---|---|---|

| നമ്പർ | പേര് | | ഐ.ഡി. | തീയതി | രജിസ്റ്റർ ചെയ്ത തീയതി | കാലയളവ് | കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | ശശിധരൻ കൊട്ടാരത്തിൽ ചിറയിൽ കണ്ടിയൂർ, മാവേലിക്കര | വാർദ്ധ്യകാല പെൻഷൻ | 101820201080 | 14.02.22 | 04.03.22 | 3/22 മുതൽ 12/22 വരെ | 16,000 |
| 2 | ഭാർഗ്ഗവി എൻ. പ്ലാവിള കിഴക്കേതിൽ പുതുച്ചിറ, 2മാവേലിക്കര | വാർദ്ധ്യകാല പെൻഷൻ | 101820200187 | 03.02.22 | 11.02.22 | 3/22 മുതൽ 12/22 വരെ | 16,000 |
| 3 | കുഞ്ഞുകുഞ്ഞ് പൂവണ്ണാൽ, പുതിയകാവ്, മാവേലിക്കര | കർഷക തൊഴിലാളി പെൻഷൻ | 101820100371 | 01.11.22 | 29.11.22 | 12/2022 | 1,600 |
| 4 | ഗോപിനാഥൻ കോട്ടാരംതോപ്പിൽ കണ്ടിയൂർ, മാവേലിക്കര | വാർദ്ധ്യകാല പെൻഷൻ | 101820200284 | 09.11.22 | 19.11.22 | 12/2022 | 1,600 |
| 5 | പീതാംബരൻ കുളത്തിന്റെ പടീറ്റേതിൽ കൊറ്റാർകാവ്, മാവേലിക്കര | വാർദ്ധ്യകാല പെൻഷൻ | 101820200315 | 10.11.22 | 19.11.22 | 12/2022 | 1,600 |
| 6 | പാറുക്കുട്ടിയമ്മ ചെമ്പോലിൽ, തഴക്കര മാവേലിക്കര | വിധവ പെൻഷൻ | 101820600359 | 25.09.22 | 01.11.22 | 10/22 മുതൽ 12/22 വരെ | 4,800 |
| 7 | രാമചന്ദ്രൻ അശ്വതി ഭവനം, മാവേലിക്കര | വികലാംഗപെൻഷൻ | 101820400153 | 17.09.22 | 27.10.22 | 10/22 മുതൽ 12/22 വരെ | 4,800 |
| 8 | കനകമ്മ വാളക്കോട്ട് ഹൗസ്, പടിഞ്ഞാറേനട, മാവേലിക്കര | വാർദ്ധ്യകാല പെൻഷൻ | 101820201474 | 23.10.22 | 25.10.22 | 11/22 മുതൽ 12/22 വരെ | 3,200 |
| 9 | കുഞ്ഞമ്മ കിഴക്കേ വെളിയിൽ, കണ്ടിയൂർ | വിധവ പെൻഷൻ | 101820600266 | 16.09.22 | 11.10.22 | 10/22 മുതൽ 12/22 വരെ | 4,800 |
| 10 | സരസമ്മ കിഴക്കേ വാഴവേലിൽ, മറ്റം സൗത്ത്, മാവേലിക്കര | വിധവ പെൻഷൻ | 101820600432 | 06.09.22 | 25.09.22 | 09/22 മുതൽ 12/22 വരെ | 6,400 |
| 11 | പെണ്ണമ്മ | വാർദ്ധ്യകാല | 101820200410 | 17.08.22 | 24.09.22 | 09/22 മുതൽ | 6,400 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സാമുവൽ ചാങ്ങയിൽ കിഴക്കേതിൽ തഴക്കര, മാവേലിക്കര | പെൻഷൻ | | | | 12/22 വരെ | |
| | | | | ആകെ | | | 67,200 |

ധനകാര്യ(എസ്.എഫ്.ഡി) വകുപ്പിന്റെ 02.08.21ലെ സർക്കുലർ 63/2021 പ്രകാരം മരണപ്പെട്ടവരേയും നിശ്ചിത മാനദണ്ഡ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്ത ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായാണ് കാണുന്നത്.
മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 67,200 രൂപ അനന്തരവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഡി.ബി.റ്റി. സെല്ലിൽ ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർവൈസർ

പ്രോജക്റ്റ് നം.137/22

ഫണ്ട് -വികസനഫണ്ട് (എസ്.സി.പി)

ബിൽ റഫറൻസ് നം.2,50,000/-(1700751910/7.12.21)

2,50,000/-(1701489346/27.3.22)

പദ്ധതി നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

എ) അനിൽകുമാർ കെ.ജി., കോട്ടക്കകത്ത് വീട് എന്ന ഗുണഭോക്താവ് ഹാജരാക്കിയ 23.3.22ലെ ഒക്യുപൻസി സർട്ടിഫിക്കറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം പഠനമുറിയുടെ വിസ്തീർണ്ണം 20.48m2 ആണ്. ജി.ഒ.(എം.എസ്.) നം.2636/18/തസ്വഭവ തീയതി 15.10.2018 പ്രകാരം തദ്ദേശസ്ഥാപനം മുഖേന നൽകുന്ന പഠനമുറിയുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്നപരിധി 120 ചതുരശ്ര അടിയായി നിജപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിൽ നിഷ്കർഷിച്ചതിലും ഉയർന്നപരിധിയിൽ നിർമ്മിച്ച പഠനമുറിക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയില്ല.രണ്ടു ഗഡുക്കളായി 2,00,000/-രൂപ അനുവദിച്ചിട്ടുണ്ട്.

ബി) സനൽകുമാർ, കാവിലേത്ത് എന്ന ഗുണഭോക്താവ് ഹാജരാക്കിയ 15.2.22ലെ ഒക്യുപൻസി സർട്ടിഫിക്കറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം പഠനമുറിയുടെ വിസ്തീർണ്ണം 17.8m2 ആണ്. ജി.ഒ.(എം.എസ്.) നം.2636/18/തസ്വഭവ തീയതി 15.10.2018 പ്രകാരം തദ്ദേശസ്ഥാപനം മുഖേന നൽകുന്ന പഠനമുറിയുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്നപരിധി 120 ചതുരശ്ര അടിയായി നിർണ്ണയിച്ചിട്ടുണ്ട്. ഉത്തരവിൽ നിഷ്കർഷിച്ചതിലും ഉയർന്നപരിധിയിൽ നിർമ്മിച്ച പഠനമുറിക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയില്ല. മുൻവർഷം (പ്രോജക്റ്റ് നം.72/21) 1,00,000/-രൂപയും ഈ വർഷം 1,00,000 രൂപയും ആയി ആകെ രണ്ടുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

മേൽ വിവരിച്ച അപാകതകൾ കാരണം രണ്ടു ഗുണഭോക്താക്കൾക്കുമായി തൻവർഷം ചെലവഴിച്ച 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം 11/10.3.23

## 1-28 ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള സ്റ്റാറ്റ്യൂട്ടറി സബ്സ്ക്രിപ്ഷൻസ് നടത്തുന്നില്ല

നഗരസഭ ജീവനക്കാരുടെ ശമ്പള ബില്ലുകൾ പരിശോധന വിധേയമാക്കിയപ്പോൾ നിയമപരമായി ഈടാക്കേണ്ട നിർബന്ധിത സബ്ക്രിപ്ഷനുകളിൽ ഒന്നായ എസ്.എൽ.ഐ. ജീവനക്കാരിൽ നിന്നും കൃത്യമായ നിരക്കിൽ ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | പ്രതി മാസ | അടയ്ക്കുന്ന എസ്.എൽ.ഐ. | അടയ്ക്കേണ്ട എസ്.എൽ.ഐ. | കുറവ് |
|---|---|---|---|---|---|---|

| | | | വരുമാനം | വിഹിതം | വിഹിതം | |
|---|---|---|---|---|---|---|
| 1 | രാജേഷ് ജി. | സൂപ്രണ്ട് | 75,484 | 500 | 1200 | 700 |
| 2 | മഹാലക്ഷ്മി കെ. | ഹെഡ് ക്ലാർക്ക് | 59,438 | 300 | 900 | 600 |
| 3 | വിജയലക്ഷ്മി | ടൈപ്പിസ്റ്റ് (സീനിയർ ഗ്രേഡ്) | 56,726 | 500 | 900 | 400 |
| 4 | ശ്രീകല കെ. | സീനിയർക്ലാർക്ക് | 50,285 | 500 | 900 | 400 |
| 5 | ശാന്തകുമാർ | സീനിയർ ക്ലാർക്ക് | 45,539 | 500 | 700 | 200 |
| 6 | ശ്യാമ കുമാരി | സീനിയർ ക്ലാർക്ക് | 45,539 | 500 | 700 | 200 |
| 7 | ലക്ഷ്മി യു. | സീനിയർ ക്ലാർക്ക് | 43,279 | 500 | 700 | 200 |
| 8 | ലാലി വി. | ക്ലാർക്ക് | 33,800 | --- | 600 | 600 |
| 9 | ശ്രീജിത്ത് എസ്. | ക്ലാർക്ക് | 32,431 | 225 | 500 | 275 |
| 10 | മുരളി ജി. | ഒ.എ | 42,262 | -- | 700 | 700 |
| 11 | സിനി എസ്. | ഒ.എ | 37,287 | 400 | 600 | 200 |

2021-ലെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസിന്റെ പ്രീമിയം തുക സർക്കാർ വർദ്ധിപ്പിച്ചിരുന്നു.GO(p) 159/2021 ഫിൻ.30.11.21 തീയതിയിലെ ഉത്തരവ് പ്രകാരം നിർദ്ദേശിച്ച വർദ്ധനവ് പ്രകാരമുള്ള മാറ്റം എല്ലാ ജീവനക്കാർക്കും ബാധകമാണ്. ജീവനക്കാരുടെ പ്രതിമാസ വരുമാനത്തിന്റെ 1.5% തുക 100ന്റെ ഗുണിതങ്ങളാക്കി മുകളിലേക്ക് റൗണ്ട് ചെയത് കിട്ടുന്ന തുകയാണ് പ്രീമിയമായി അടയ്ക്കേണ്ടത്. നിലവിലുള്ള പ്രീമിയം തുക കുറവുള്ള പക്ഷം ബാക്കി തുകയ്ക്കുള്ള അഡീഷനൽ പോളിസി എടുക്കേണ്ടതാണ്. എന്നാൽ നഗരസഭ ജീവനക്കാരുടെ ശമ്പള ബിൽ പരിശോധിച്ചപ്പോൾ പ്രീമിയം തുക നിശ്ചിത അനുപാതത്തിലല്ല ഈടാക്കി വരുന്നതെന്ന് ബോധ്യപ്പെട്ടു. ക്രമനമ്പർ 8, 10 ജീവനക്കാരിൽ നിന്നും എസ്.എൽ.ഐ. തുക ഈടാക്കുന്നില്ല എന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. അപാകതയിന്മേൽ അടിയന്തിരമായി നടപടി സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതിക്കായി തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർവൈസർ

പ്രോജക്റ്റിന്റെ പേര് -കക്കൂസ് മെയിന്റനൻസ് (എസ്.സി.പി)
പ്രോജക്റ്റ് നം.139/22

ഫണ്ട് വികസന ഫണ്ട് (എസ് സി പി) ചെലവ് 75,000/-

30,000/-(1701289320/ 10.3.22)

30,000/-(1701417847/ 23.3.22)

15,000/-(1701289231/ 10.3.22)

തദ്ദേശസ്ഥാപനങ്ങളുടെ വാർഷികപദ്ധതികൾ തയ്യാറാക്കൽ, സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച സ.ഉ.(കൈ) 22/18/ത.സ്വ.ഭ.വ തീയതി 14.2.18 നമ്പർ ഉത്തരവിൽ കക്കൂസ് മെയിന്റനൻസ് എന്ന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നത് വിശദമാക്കിയിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിന്റെ നടത്തിപ്പിനായി സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയതിന്റെ രേഖകളും ഹാജരാക്കിയില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിനായി ചെലവഴിച്ച 75,000/-രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് അന്വേഷണം നം.18/13.3.23

## 1-30 ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

വാർഷിക കണക്കുകളിലെ ഹെഡ് കോഡ് 460100400 പ്രകാരം 39,000 രൂപ ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭിക്കാനുണ്ട്. ഈ തുക ആരിൽ നിന്നുമാണ് ലഭിക്കാനുള്ളത് എന്നുള്ളതിന്റെ വർഷം തിരിച്ചുള്ള വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. ലെഡ്ജർ പ്രകാരം മുൻവർഷങ്ങളിൽ വിതരണം ചെയ്ത ഫെസ്റ്റിവൽ അഡ്വാൻസുകൾ ഇനിയും തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നതായി കാണാം. കൃത്യമായ കണക്കുകൾ തയ്യാറാക്കി 18 ശതമാനം പലിശ ഉൾപ്പെടെ മുൻകൂറായി നൽകിയ തുകകൾ തിരികെ ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-31 35.9 ലക്ഷം രൂപ പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക, തനത്ഫണ്ടിന് ബാധ്യത കൂടുന്നു

ഫയൽ (G2 880/ 97 Vol.4) പരിശോധിച്ചതിൽ റഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടുള്ളത് 2021 ആഗസ്റ്റ് മാസം വരെയാണ്. തുടർന്നുള്ള മാസങ്ങളിൽ ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടച്ചിട്ടില്ല. 1996-ലെ കേരളമുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം പ്രതിമാസ മൊത്തവിഹിതത്തിന്റെ 15% മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം തന്നെ 15-ാം തീയതിക്ക് മുൻപ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെക്കണം. 2021 സെപ്തംബർ മുതലുള്ള വിഹിതം ഇപ്രകാരം പിൻവലിച്ച് ഒടുക്കാത്തതിനാൽ 9/2021 മുതൽ 2/2023 വരെ 35,91,911/-രൂപ ഈ ഇനത്തിൽ നഗരസഭക്ക് കുടിശ്ശികയുണ്ട്.

DuA/5787/2022-p7 Dtd 4.11.22 പ്രകാരം പെൻഷൻ അലോട്ട്മെന്റായി 11,59,206/- രൂപ നഗരസഭക്ക് ലഭിച്ചിട്ടുണ്ട്. നഗരസഭകൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കാനുള്ള തുക കുറച്ച് തനത് ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ട് എന്നിവയിൽ നിന്നും ചെലവായ തുക പരിഗണിച്ചാണ് പ്രസ്തുത കത്തിൽ നഗരസഭകൾക്ക് അലോട്ട്മെന്റ് അനുവദിച്ചത്. ഈ സാഹചര്യത്തിൽ പെൻഷൻ ഫണ്ടിൽ വിഹിതം ഒടുക്കാതെ കുടിശ്ശിക വരുത്തുന്നത് കണ്ടിജന്റ് ജീവനക്കാരുടെ എന്ന പോലെ റഗുലർ ജീവനക്കാരുടെ പെൻഷനും നഗരസഭയുടെ തനത് ഫണ്ടിന് ബാധ്യതയാകുന്നതിന് കാരണമാകും. ആയതിനാൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കാനുള്ള കുടിശ്ശിക ഒടുക്കുന്നതിനും 1996-ലെ കേരളമുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) അനുശാസിക്കും വിധം തുടർന്നുള്ള മാസങ്ങളിലെ പെൻഷൻ വിഹിതം യഥാസമയം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.

ഓഡിറ്റ് അന്വേഷണം നം. 40/17.3.23

## 1-32 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ - പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം - 4/2021-22

പ്രോജക്ടിന്റെ പേര് - തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ

നിർവ്വഹണം - സെക്രട്ടറി

ചെലവ് : 1) 21070447001500933740/12-01-2022 , 1025565/- രൂപ

2) 21070447001501069397/07-02-2022 , 19/- രൂപ

3) 21070447001501529556/30-03-2022 , 1025656/- രൂപ

മാവേലിക്കര ഇലക്ട്രിക്കൽ സെക്ഷൻ പരിധി (124 എണ്ണം), തട്ടാരമ്പലം ഇലക്ട്രിക്കൽ സെക്ഷൻ പരിധി (40 എണ്ണം) എന്നിവടങ്ങളിൽ 164 എണ്ണം മീറ്ററുകൾ സ്ഥാപിക്കുന്നതിനായി 20,51,240 രൂപ കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട് .

കെ.എസ്.ഇ.ബി.യുടെ നം .A.E/mvk/2022-23/06-01-2023 കത്ത് പ്രകാരം 124 എണ്ണം മീറ്ററുകൾ മാവേലിക്കര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ സ്ഥാപിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ 122 എണ്ണം പോസ്റ്റുകളുടെ വിവരങ്ങൾ മാത്രമെ കെ.എസ്.ഇ.ബി. നൽകിയിട്ടുള്ളൂ. ബാക്കി രണ്ട് പോസ്റ്റുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടില്ല. തുക കൈപ്പറ്റിയത് സംബന്ധിച്ച കെ.എസ്.ഇ.ബി.യുടെ രസീത്, പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ടി പ്രവർത്തി സംബന്ധിച്ച് നഗരസഭയും കെ.എസ്.ഇ.ബി.യും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.

ടി അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം.15/2021-22ന് നൽകിയ വിശദീകരണത്തിൽ 122 എണ്ണം പോസ്റ്റുകൾ സ്ഥാപിച്ചതിന്റെ വിവരം മാത്രമെ കെ.എസ്.ഇ.ബി . നൽകിയിട്ടുള്ളൂ എന്നും ഈ മീറ്ററുകൾ സ്ഥാപിച്ചതിന്റെ ലൊക്കേഷൻ അറിയുന്നതിനായി നഗരസഭാ ഉദ്യോഗസ്ഥരും കെ.എസ്.ഇ.ബി.

ഉദ്യോഗസ്ഥരും ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുള്ളതും ആയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതുമാണെന്ന് അറിയിച്ചിട്ടുണ്ട്. തട്ടാരമ്പലം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ 40 എണ്ണം മീറ്ററുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യുടെ 07.03.2023 ലെ കത്ത് നം.A.E/TPLM/2022-23/108 പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചതെന്ന് അറിയിച്ചിട്ടില്ല. ടി പ്രവർത്തിക്ക് കരാർ ഉടമ്പടി ഒപ്പ് വയ്ക്കുന്നതിനായി 27.04.2022 ൽ കെ.എസ്.ഇ.ബി.യിൽ നൽകിയിരുന്നെങ്കിലും ആയത് നാളിതുവരെ ഒപ്പ് വച്ച് തിരികെ നൽകിയിട്ടില്ല എന്നീ കാര്യങ്ങൾ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുക കെ.എസ്.ഇ.ബി. കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്, പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം, ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചുവെന്നതിന്റെ സംയുക്ത പരിശോധനാ റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 20,51,240 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-33 5,64,302/-രൂപ സ്വച്ഛഭാരത മിഷന്റെ അക്കൌണ്ടിലേക്ക് അധികമായി തിരിച്ചടച്ചു

വിവിധ ഖരമാലിന്യസംസ്കരണ പദ്ധതികളുടെ ഭാഗമായി 2018-ൽ ശുചിത്വമിഷനിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ള 41,24,380/- രൂപയിൽ, 5,42,210/- രൂപ നാളിതുവരെ ചെലവഴിക്കപ്പെട്ടിട്ടുള്ളതുമാണ്. ശുചിത്വമിഷന്റെ 26.11.2021 ലെ 2120/01/2016/ കത്ത് പ്രകാരം ഖരമാലിന്യ സംസ്കരണത്തിന് അനുവദിച്ച ഫണ്ടിൽ ചെലവഴിച്ചശേഷം ബാക്കിവന്ന തുക തിരിച്ചടയ്ക്കണമെന്ന നിർദ്ദേശപ്രകാരം 35,82,170/- രൂപ തിരിച്ചടയ്ക്കേണ്ടതിനു പകരം(4124380- 542210) 41,46,472/- രൂപ തിരിച്ചടയ്ക്കുകയുണ്ടായി. ഇതേ അക്കൗണ്ടിൽ നിലവിലുണ്ടായിരുന്ന മറ്റ് ഫണ്ടുകളിൽ നിന്നാണ് അധികമായി തുക അടച്ചിട്ടുള്ളത്. ഇപ്രകാരം അധികമായി തിരിച്ചടച്ചിട്ടുള്ള 5,64,302/-രൂപ തിരികെ ലഭിച്ചിട്ടുണ്ടോയെന്നും, മേൽ വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികളുടെ പുരോഗതിയും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം അടച്ചതുക ഈടാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 വെള്ളക്കരക്കുടിശ്ശിക -അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം -11/22

പ്രോജക്ടിന്റെ പേര് - പൊതുടാപ്പുകളുടെ വെള്ളക്കരക്കുടിശ്ശിക

ചെലവ് 1) 2107044700150136655 9/18-03-22 , 1385840/-

2) 2107044700150117279 6/21-02-22 , 1300000/-

മേൽ പ്രോജക്ട് പ്രകാരം 26,85,840/- രൂപ പൊതുടാപ്പുകളുടെ വെള്ളക്കരക്കുടിശ്ശികയിനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. 2022 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി അടച്ചിട്ടുള്ള ഈ തുകകൾ വാട്ടർ അതോറിറ്റിയുടെ ബില്ലിൽ അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.39/2021-22/17.03.2023 ന് മറുപടി നൽകിയിട്ടില്ല. പൊതുടാപ്പുകളുടെ വെള്ളക്കരക്കുടിശ്ശിക അടക്കുന്നതിനായി നടപ്പാക്കിയ മറ്റൊരു പ്രോജക്ടായ 197/2022 പ്രകാരം അടച്ച 37,17,868 രൂപ വാട്ടർ അതോറിറ്റിയുടെ ഫെബ്രുവരി 2022-ലെ 60360/09-02-2022 എന്ന ബില്ലിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ അടച്ച 26,85,840/- രൂപ ഏത് മാസത്തെ ബില്ലിലാണ് അഡ്ജസ്റ്റ് ചെയ്തത് എന്നത് വ്യക്തമാക്കേണ്ടതാണ്. അഡ്ജസ്റ്റ് ചെയ്ത മാസത്തെ ബില്ലും അതിന് തൊട്ടു മുന്നിലുള്ള മാസത്തെ ബില്ലും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 26,85,840/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-35 ഭവന പുനരുദ്ധാരണം -പ്രവർത്തി പൂർത്തിയാക്കിയില്ല.

ഹെൽത്ത് സൂപ്പർവൈസർ നടപ്പാക്കിയ ഭവനപുനരുദ്ധാരണം (ജനറൽ) പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ആദ്യ ഗഡുവായി 12,000/-രൂപ വീതം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഓഡിറ്റ് സമയത്തും (3/23) പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. ഗൌരിക്കുട്ടി, ഇല്ലത്ത് കിഴക്കതിൽ

2. രാധാമണി, കൊച്ചൻപറമ്പിൽ

3. ജാൻസി സൈമൺ, വാഴപ്പള്ളിൽ

4. ശാന്തകുമാരി, കൊട്ടാരത്തിൽ

രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ തുക അനുവദിച്ചത് ഏത് വർഷമാണെന്നും അനുവദിച്ച തുകയുടെ ബിൽ നം, തീയതി തുടങ്ങിയ വിവരങ്ങളും ലഭ്യമല്ല. 2022-23 വർഷം ഇവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം

പൂർത്തിയാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.10 /10.3.23

## 1-36 തെരുവ് വിളക്കുകൾ - വൈദ്യുതി ചാർജ്ജ് കുടിശ്ശിക അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല

പ്രോജക്റ്റ് നം - 10/22

പ്രോജക്റ്റിന്റെ പേര് - തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

1) ട്രഷറി ബിൽ നം. 21070447001501172565/21-02-22 , 1239813/- രൂപ

2) ട്രഷറി ബിൽ നം. 21070447001500475341/01-10-2021 , 1760187/- രൂപ

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടക്കുന്നതിനായി രൂപീകരിച്ച ഈ പ്രോജക്റ്റ് പ്രകാരം 30,00,000/- രൂപ വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ അടച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.യിൽ നിന്ന് 15.06.2021 ൽ ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 58,17,713/- രൂപ കുടിശ്ശികയുള്ളതായും 10 ഇൻസ്റ്റാൾമെന്റ് ആയി തുക അടക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. 2021 ജൂൺ മുതൽ 2022 മാർച്ച് വരെയുള്ള മാസങ്ങളിലായി തുക അടക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. അടക്കാൻ അവശേഷിക്കുന്ന തുകക്ക് സർചാർജ്ജ് ഈടാക്കുമെന്ന് കെ.എസ്.ഇ.ബി.യുടെ സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ സർചാർജ്ജ് ഉൾപ്പെടെ എത്ര തുക കുടിശ്ശികയിനത്തിൽ അവശേഷിക്കുന്നു എന്നതും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ ബാക്കി അടക്കാൻ അവശേഷിക്കുന്ന തുക അടച്ച് തീർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.38/2021-22/17.03.2023-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികയിനത്തിൽ അടച്ച 30,00,000/- രൂപ കെ.എസ്.ഇ.ബി.യുടെ ബില്ലിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ ഏത് മാസത്തെ ബില്ലിലാണ് അടച്ചതെന്നുള്ള വിശദാംശം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 30,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-37 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

പ്രോജക്റ്റ് നം - 37/2021-22

പ്രോജക്റ്റിന്റെ പേര് - കന്നുകുട്ടി പരിപാലന പദ്ധതി

നിർവഹണം - സീനിയർ വെറ്റിനറി സർജൻ

ട്രഷറി ബിൽ റഫറൻസ് നം.210704470012009732/17.01.2022 പ്രകാരം 3,12,500/- രൂപ പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസിന് നൽകിയിട്ടുണ്ട്. 50 പശുക്കുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായാണ് ടി തുക നൽകിയിട്ടുള്ളത്. തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാകാത്തതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.19/2021-22/13.03.2023 ന് നൽകിയ മറുപടിയിൽ കന്നുകുട്ടികൾക്ക് 28 മാസത്തേക്ക് 50 % സബ്സിഡിയിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായാണ് തുക കൈമാറിയതെന്നും, പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്നമുറക്ക് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 3,12,500/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-38 ഇലക്ട്രിക് സാധനങ്ങൾ വാങ്ങൽ - അപാകതകൾ

പ്രോജക്റ്റ് നം. - 108/2021-22

പ്രോജക്റ്റിന്റെ പേര് - ഇലക്ട്രിക് സാധനങ്ങൾ വാങ്ങൽ
നിർവ്വഹണം – സെക്രട്ടറി

ചെലവ് : ട്രഷറി ബിൽ റഫറൻസ് നം. 21070447001500931458/12-01-2022, 432989/- രൂപ

നഗരസഭാ പരിധിയിലെ 28 വാർഡുകളിലെ തെരുവ് വിളക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനായാണ് ടി പ്രോജക്റ്റ് രൂപീകരിച്ചിട്ടുള്ളത്. ടി പ്രോജക്റ്റിന്റെ നിർവഹണത്തിൽ കണ്ടെത്തിയ അപാകത സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ടി പദ്ധതിയുടെ നിർവഹണത്തിനായി 03.08.2021-ൽ ഇ ടെണ്ടർ നടത്തിയതിൽ ഫ്രണ്ട്സ് ഏജൻസീസ് താമരക്കുളം, ഇലക്ട്രിക്കൽ വേൾഡ് പോത്തൻകോട്, ന്യൂ ഏജ് സിസ്റ്റം ഇന്റഗ്രേറ്റഡ് എന്നീ 03 സ്ഥാപനങ്ങൾ പങ്കെടുത്തു. ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇലക്ട്രിക്കൽ വേൾഡ് പോത്തൻകോട് എന്ന സ്ഥാപനത്തിന്റെ സാധനങ്ങൾ ഗുണ

നിലവാരമില്ല എന്ന കാരണത്താൽ പ്രൊക്യുവർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ 25.09.2021-ലെ തീരുമാനത്തിൽ നിരസിച്ചു. എന്നാൽ ഈ സ്ഥാപനം സമർപ്പിച്ച സാധനങ്ങൾ ഗുണനിലവാര പരിശോധനക്കായി ടി.കെ.എം.എഞ്ചിനീയറിംഗ് കോളേജിൽ നൽകിയെങ്കിലും ടെസ്റ്റ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ഇലക്ട്രിക്കൽ വേൾഡ് പോത്തൻകോഡ്, ന്യൂ ഏജ് സിസ്റ്റം ഇന്റഗ്രേറ്റഡ് എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച Item Rate BOQ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) ടി പ്രവർത്തിയുടെ റീ ടെണ്ടർ 12.10.2021-ൽ നടത്തിയതിൽ ഫ്രണ്ട്സ് ഏജൻസീസ് താമരക്കുളം, രഘുസ് ഇലക്ട്രിക്കൽ സർക്യൂട്സ്, മുതുകുളം എന്നീ 02 സ്ഥാപനങ്ങൾ പങ്കെടുത്തു. റീ ടെണ്ടർ നോട്ടീസ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) ഫ്രണ്ട്സ് ഏജൻസീസ് ക്വാട്ട് ചെയ്ത 338918, 343118 എന്നീ കുറഞ്ഞ നിരക്കുകൾ ഒരു വർഷ വാറണ്ടി മാത്രമാണുള്ളതെന്ന കാരണത്താൽ സ്വീകരിക്കാതെയാണ് രണ്ട് വർഷ വാറണ്ടിയുള്ള രഘുസ് ഇലക്ട്രിക്കൽ സർക്യൂട്സ് എന്ന സ്ഥാപനത്തിന്റെ 419200/- എന്ന നിരക്ക് അംഗീകരിച്ചിട്ടുള്ളത്.

5) കരാർ ഏറ്റെടുത്ത സ്ഥാപനത്തിന്റെ 01.11.2021-ലെ കത്ത് പ്രകാരം ഈ ബൾബുകളുടെ ഇൻസ്റ്റലേഷൻ ചാർജ്ജ് ഒരു ബൾബിന് 11.985 രൂപ നിരക്കിൽ ചെയ്തുകൊള്ളാമെന്ന് അറിയിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ നെഗോസിയേഷൻ സംബന്ധിച്ച ഈ കത്ത് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. 975 ബൾബുകളുടെ ഇൻസ്റ്റലേഷൻ ചാർജ്ജുൾപ്പെടെ 4,32,989/- രൂപ ഈ പ്രവർത്തിക്കായി ചെലവഴിച്ചിട്ടുണ്ട്.

6) TDS ഇനത്തിൽ 8,660/- രൂപ കിഴിവ് ചെയ്ത ശേഷം ബാക്കി 4,19,999/- രൂപ സ്ഥാപനത്തിന് അനുവദിച്ച് നൽകി. അനുവദിച്ച തുകയിൽ നിന്ന് ഐ.റ്റി. കിഴിവ് ചെയ്തിട്ടില്ല.

7) സ്ഥാപനം പ്രിലിമിനറി എഗ്രിമെന്റ് വച്ചിട്ടില്ല.

8) പ്രിലിമിനറി കരാർ പ്രകാരം ഈടാക്കേണ്ട 2.5% (കരാർ തുകയുടെ) പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല.

9) സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കേണ്ട 21,950/- രൂപ (5%) ഈടാക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

10) സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. വാർഡ് 19 ൽ 25 എണ്ണവും ബാക്കി 27 വാർഡുകളിൽ 50 എണ്ണം വീതവും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും തീയതി രേഖപ്പെടുത്തിയിട്ടില്ല. ആർക്ക് കൊടുത്തു എന്നും രേഖപ്പെടുത്തിയിട്ടില്ല. ഓരോ വാർഡിലും 50 എണ്ണം വീതം ഒരുമിച്ച് നൽകിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

11) സാധനങ്ങൾ 31.12.2021-ലെ ഇൻവോയ്സ് പ്രകാരമാണ് വാങ്ങിയതെങ്കിലും വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രം പ്രകാരം മിക്ക വാർഡുകളിലും അതിന് മുമ്പായി വിളക്ക് സ്ഥാപിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

12) തെരുവ് വിളക്ക് മെയിന്റനൻസിനായി ശ്രീ.ഗണേശൻ പിള്ള എന്ന കരാറുകാരൻ 25.11.2021 ൽ നഗരസഭയുമായി ഒരു വർഷത്തേക്ക് കരാറിലേർപ്പെട്ടിട്ടുണ്ട്. ഈ കരാർ നിലനിൽക്കെയാണ് വീണ്ടും ഈ പദ്ധതി പ്രകാരം ഇൻസ്റ്റലേഷൻ ചാർജ്ജും നൽകിയിട്ടുള്ളത്.

13) സാധാരണയായി വിളക്കുകൾ കത്താത്തത് സംബന്ധിച്ച് പരാതി ലഭിക്കുന്ന മുറക്കാണ് പുതിയ വിളക്കുകൾ സ്ഥാപിക്കുന്നത്. എന്നാൽ മുഴുവൻ വിളക്കുകളും ഒരു മാസത്തിനുള്ളിൽ സ്ഥാപിച്ചതായി കാണുന്നു.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.31/2021-22/16.03.2023-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭിക്കുന്നത് വരെ ചെലവ് തുക 4,32,989/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-39 വിവിധ ആവശ്യങ്ങൾക്ക് നൽകുന്ന മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ അനാസ്ഥ

വാർഷിക കണക്കുകൾ പ്രകാരം മിസെല്ലേനിയസ് അഡ്വാൻസ് (B18-460100700) എന്ന ഹെഡ്ഡിൽ 23,60,831/-രൂപ 31.03.22-ൽ ക്രമീകരിക്കുവാനുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ഇത്രയും തുക മുൻകൂറായി നിൽക്കുന്നില്ല. 2020-21, 2021-22 എന്നീ വർഷങ്ങളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വ്യത്യാസത്തിന്റെ കൃത്യത നിജപ്പെടുത്താനായിട്ടില്ല. 2019-20 ൽ തയ്യാറാക്കിയ സംക്ഷിപ്ത കണക്കുകൾ പ്രകാരം 1,05,000/- രൂപയാണ് ക്രമീകരിക്കുവാൻ ബാക്കിയുള്ളത്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്നും ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകയുടെ കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.5/21-22) മറുപടിയിൽ സ്ഥാപനം ലഭ്യമാക്കിയ കണക്കിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകൂറുകൾ ആകെ 4,26,349/-രൂപ മാത്രമാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നവരിൽ നിന്നും 18 ശതമാനം പലിശ സഹിതം മുഴുവൻ തുകയും തിരികെ ഈടാക്കി കണക്കുകൾ കൃത്യമാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ് (04.10.11 ലെ G.O.(P)419/11/Fin ഉത്തരവ് കാണുക).

## 1-40 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ പദ്ധതി- മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെ തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെൽത്ത് സൂപ്പർവൈസർ

പ്രോജക്ടിന്റെ പേര് -വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (ജനറൽ)

പ്രോജക്ട് നം. 127/22

ഫണ്ട് ഡെവലപ്മെന്റ് ഫണ്ട് (ജനറൽ)

ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ റഫറൻസ് നം./തീയതി | തുക |
|---|---|
| 1700502398/11.1021 | 76,000 |
| 1700550108/23.10.21 | 50,000 |
| 1700730010/01.12.21 | 25,000 |
| 1700890125/05.01.22 | 39,000 |
| 1701162406/19.02.22 | 39,000 |
| ആകെ | 2,29,000/- |

2. പ്രോജക്ടിന്റെ പേര് -വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (എസ്.സി)

പ്രോജക്ട് നം. 128/22

ഫണ്ട് - ഡെവലപ്മെന്റ് ഫണ്ട് (എസ്.സി)

ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ റഫറൻസ് നം./തീയതി | തുക |
|---|---|
| 1700502389/11.1021 | 50,000 |
| 1700734503/02.12.21 | 50,000 |
| 1700888045/05.01.22 | 25,000 |
| 170193057/05.01.22 | 75,000 |
| 1701490187/19.02.22 | 1,25,000 |
| ആകെ | 3,25,000/- |

രണ്ടു പദ്ധതികളുടെയും ഫയൽ പരിശോധിച്ചതിൽ ഏതാനും ചില അപേക്ഷകളിൽ മാത്രമാണ് എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിട്ടുള്ളത്. ജി.ഒ.(എം.എസ്) 22/18/ത.സ്വ.ഭ.വ/14.2.18 സബ്സിഡി മാർഗ്ഗരേഖ പ്രകാരം എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കേണ്ടത്. ജനറൽ വിഭാഗത്തിൽ രണ്ടു ഗഡുക്കളായി 25,000/- രൂപയും

എസ്.സി വിഭാഗത്തിൽ രണ്ടു ഗഡുക്കളായി 50,000/- രൂപയുമാണ് ഓരോ ഗുണഭോക്താവിനും അനുവദിച്ചത്. എന്നാൽ അവസാന ഗഡു അനുവദിച്ചവർക്കുൾപ്പെടെ ആരുടെയും ഫയലിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. മൂല്യനിർണ്ണയം സംബന്ധിച്ച് ഓഫീസ് നോട്ടിനൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള ഓവർസിയറുടെ രേഖപ്പെടുത്തൽ (മെയിന്റനൻസിന്റെ ഭാഗമായി ചെയ്ത കാര്യങ്ങൾക്ക് ഇത്ര രൂപയിലധികം ചെലവായതായുള്ള രണ്ട് വരി വാചകം) മാത്രമാണ് ഫയലിലുള്ളത്. അറ്റകുറ്റപ്പണിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തികൾ ചെയ്തു, ഓരോ പ്രവർത്തിയും ചെയ്ത ഏരിയ, ചെലവായ തുക എന്നിവ അടങ്ങിയ വിശദമായ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

മാർഗ്ഗരേഖ അനുശാസിക്കും വിധമുള്ള മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അഭാവം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ജി.ഒ.(എം.എസ്) 1758/2020/ത.സ്വ.ഭ.വ തീയതി 27.9.20 ഉത്തരവ് പ്രകാരം എൽ.എസ്.ജി.ഡി ഓവർസിയർക്കാണ് വ്യക്തിഗത ആനുകൂല്യങ്ങൾക്ക് വാല്യുവേഷൻ നൽകുന്നതിന്റെ ചുമതല എന്നാണ് അറിയിച്ചത്. വിശദമായ മൂല്യനിർണ്ണയ സാക്ഷ്യപത്രം അപേക്ഷയിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം നൽകിയില്ല. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ രണ്ടു പദ്ധതികളിലായി ചെലവഴിച്ച 5,54,000/- (2,29,000+ 3,25,000/-)രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം.10 & 11/10.3.23

## 1-41 വെള്ളക്കരം-കോടികളുടെ ബാധ്യത - സർക്കാർ സഹായം തേടേണ്ടതാണ്

നഗരസഭ വെള്ളക്കരമിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് കോടികണക്കിന് രൂപ കുടിശ്ശിക നൽകുവാനുണ്ട്. കൃത്യമായ ഇടവേളകളിൽ സംയുക്തപരിശോധന നടത്താതിരുന്നതിനാലും യഥാസമയം തുക ഒടുക്കാതിരുന്നതിനാലുമാണ് ബിൽ തുക കോടികളായി മാറിയത്. നിലവിൽ ഇത് പരിഹരിക്കുന്നതിന് നടത്തിയ ഇടപെടലുകളും പൂർണ്ണതയിലേക്ക് എത്തിയില്ല. 2022-23 സാമ്പത്തിക വർഷത്തിന്റെ അവസാനം നടത്തിയ സംയുക്തപരിശോധനയിൽ പൊതുടാപ്പുകളുടെ എണ്ണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 264 സ്ട്രീറ്റ് ടാപ്പുകൾ നഗരസഭയിലുണ്ടെന്നുള്ള പട്ടിക കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി നഗരസഭക്ക് കൈമാറിയിട്ടുണ്ട്(27.02.2023). എന്നാലിത് നഗരസഭ അംഗീകരിച്ച് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയില്ലായെന്നാണ് ഫയലിൽ നിന്നും മനസിലാകുന്നത്. ആയതിനാൽ 2023 മാർച്ച് മാസത്തെ ബില്ലിലും 441 ടാപ്പുകൾ ഉള്ളതായി രേഖപ്പെടുത്തി മാർച്ച് മാസത്തെ വാട്ടർ ചാർജ്ജ് 8,02,583/- രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. ടാപ്പുകൾ അംഗീകരിച്ച് നൽകുന്നതിനോടൊപ്പം നിലവിലെ കുടിശ്ശിക തുക കുറച്ച് ബിൽ ലഭ്യമാക്കുന്നതിനും ഒറ്റത്തവണയായോ തവണകളായോ തീർപ്പാക്കുന്നതിനും സർക്കാരിൽ നിന്നും സഹായം തേടാവുന്നതും പൊതുടാപ്പുകളുടെ വെള്ളക്കരക്കുടിശ്ശിക പൂർണ്ണമായും ഒഴിവാക്കേണ്ടതുമാണ്.

## 1-42 അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കിയില്ല

അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പി.എം.എ.വൈ/ലൈഫ് ഗുണഭോക്താക്കൾക്ക് വേതനം അനുവദിച്ച് നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം./തീയതി | തുക |
|---|---|
| 179723/4.5.21 | 16,296 |
| 179727/25.5.21 | 18,624 |
| 179728/25.5.21 | 49,470 |
| 179732/11.6.21 | 8,148 |
| 179740/1.9.21 | 19,206 |
| 179741/1.9.21 | 50,634 |
| 179744/26.10.21 | 40,740 |
| 179745/26.10.21 | 57,036 |
| 179754/13.12.21 | 89,046 |
| 179755/13.12.21 | 1,33,860 |
| 179756/21.12.21 | 42,486 |
| 179757/21.12.21 | 6,984 |
| 179760/29.12.21 | 57,618 |
| 179761/29.12.21 | 18,624 |

| | |
|---|---|
| 179766/31.12.21 | 11,058 |
| 179769/24.01.22 | 6,984/- |
| 179775/7.2.22 | 84,390 |
| 179776/7.2.22 | 1,16,982 |
| 179778/9.2.22 | 20,952 |
| 179779/9.2.22 | 8,148 |
| 179781/21.2.22 | 22,698 |
| 179782/21.2.22 | 17,460 |
| 179790/16.3.22 | 9,894 |
| 179791/15.3.22 | 8,730 |
| ആകെ | 9,16,068/- |

ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധരേഖകൾ, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഹാജരാക്കാനാവശ്യപ്പെട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് അപേക്ഷകളുൾപ്പെടെ ആനുകൂല്യം അനുവദിച്ചതിന്റെ രേഖകൾ കണ്ടെത്താനായില്ല എന്നാണ് മറുപടി നൽകിയത്. അപേക്ഷകളുടെയും അനുബന്ധരേഖകളുടെയും അഭാവത്തിൽ ഓരോ ഗുണഭോക്താവിനും നൽകിയ തുകയുടെ കൃത്യത നിർണ്ണയിക്കാനായില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 9,16,068/-രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 33/17.3.23

## 1-43 ഗുണശീർഷ കണക്കുകളിൽ സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുകകൾ തുടരുന്നു

ബാലൻസ് ഷീറ്റ് പട്ടിക – B9 Others Payable (350309900) എന്ന ഹെഡ്ഡിലെ രേഖപ്പെടുത്തലുകൾ പ്രകാരം സോളാർ പാനൽ സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ (പ്രോജക്ട് നം-180/18-19) ചെലവഴിക്കാത്ത തുക Rs. 229442 നിർവ്വഹണ ഏജൻസിയായ ANERT തിരികെ നൽകിയിട്ടുണ്ട്. 17.09.2021-ൽ നഗരസഭയ്ക്ക് ലഭിച്ച ഈ തുക മുൻസിപ്പൽ ബസ് സ്റ്റാന്റിലെ ഷോപ്പിങ്ങ് കോംപ്ലക്സ്, ക്യാന്റീൻ കെട്ടിടം, ആയുർവേദ ആശുപത്രി എന്നീ കെട്ടിടങ്ങളുടെ മുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്ത നിർവ്വഹണത്തിനായി ANERT ൽ നിക്ഷേപിച്ച തുകയുടെ വിനിയോഗിക്കാത്ത ഭാഗമാണ്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പദ്ധതി ചെലവിന് ശേഷം അവശേഷിക്കുന്ന തുക സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 180/18-19 |
| പ്രോജക്ടിന്റെ പേര് | സോളാർ പാനൽ സ്ഥാപിക്കൽ |
| ഫണ്ടിനം | കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 19,85,500 |

## 1-44 ഓഡിറ്റ് റിക്കവറി തുകകൾ തനത് ഫണ്ടിൽ തുടരുന്നു

ഓഡിറ്റ് റിക്കവറി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 ൽ ബാധ്യത ഹെഡ്ഡിൽ (350200125) 2,03,438/- രൂപ ബാധ്യതയായി തുടരുന്നുണ്ട്(ബാലൻസ് ഷീറ്റ് – B9). ഓഡിറ്റ് റിക്കവറിയുടെ ഫണ്ട് സോഴ്സ് കണ്ടെത്തി ടി തുക സർക്കാരിലേക്ക് ഒടുക്കേണ്ടതാണോയെന്ന് പരിശോധിക്കേണ്ടതാണ്. സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുകയാണെങ്കിൽ സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-45 അംബേദ്കർ പഠനകേന്ദ്രം-വരുമാനദായകമായ ആസ്തിയാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങളുണ്ടാകേണ്ടതാണ്

നഗരസഭയുടെ ഉടമസ്ഥതയിൽ കണ്ടിയൂർ യു.പി. സ്കൂളിനു പടിഞ്ഞാറുഭാഗത്തെ സ്ഥലത്ത് അംബദ്കറുടെ പേരിൽ ഒരു പഠനകേന്ദ്രം സ്ഥാപിച്ചിരുന്നു. 27-11-2014 ൽ ഉത്ഘാടനം ചെയ്ത അംബേദ്കർ പഠനകേന്ദ്രം കോവിഡ് കെയർ സെന്റർ എന്ന നിലയിൽ പ്രവർത്തിച്ചിരുന്നു. നഗരസഭയ്ക്ക് വരുമാനം ലഭിക്കുന്ന തരത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തന ബൈലോ തയ്യാറാക്കുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്നും ശ്രമങ്ങളുണ്ടാകേണ്ടതാണ്. സ്ഥാപനം നഗരസഭയുടെ വരുമാനദായകമായ ആസ്തിയായി മാറ്റുന്നതിന് അത്യാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-46 2,34,863 /-രൂപ സാക്ഷരതാ മിഷനിൽ നിന്നും ലഭിച്ചില്ല

ഫയൽ നം.P1/5719/03

കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും നഗരസഭയ്ക്ക് 2,34,863/-രൂപ പ്രേരക് മാർക്ക് മുൻവർഷങ്ങളിൽ നൽകിയ ശമ്പളമിനത്തിൽ തിരികെ ലഭിക്കാനുണ്ട്. സംസ്ഥാന സാക്ഷരതാ മിഷന്റെ എ7 /066/18-ാം നം. കത്ത് പ്രകാരം നഗരസഭ ഇപ്രകാരം തനതുഫണ്ടിൽ നിന്നും നൽകിയ തുക തിരികെ നൽകാൻ സാധിക്കില്ലായെന്ന് അറിയിച്ചിട്ടുണ്ട്. സ.ഉ.(സാധ)/2128/2016 തീയതി 15.07.2016 അനുസരിച്ച് തുക തിരികെ നൽകാമെന്ന വ്യവസ്ഥയിലാണ് തനതു ഫണ്ട് മേൽപ്പറഞ്ഞ പ്രകാരം ചെലവഴിച്ചിട്ടുള്ളതെന്നതിനാൽ തുക തിരികെ ലഭിക്കുന്നതിന് സർക്കാരിലേക്ക് കത്ത് നൽകുന്നതിന് 14.07.2021 ലെ കൗൺസിൽ തീരുമാനിച്ചു (20-ാം നം. തീരുമാനം). കൗൺസിൽ തീരുമാന പ്രകാരം സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ പുരോഗതി അറിയിക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.45 തീയതി 18.03.2023) മറുപടി ലഭിച്ചില്ല. പ്രേരകുമാരുടെ ശമ്പളമിനത്തിൽ നൽകിയ 2,34,863/-രൂപ തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-47 NULM പദ്ധതി - വ്യക്തമായ മോണിട്ടറിംഗ് കൂടാതെ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു

NULM പദ്ധതി ഫണ്ട് ഉപയോഗിച്ച് അയൽക്കൂട്ടങ്ങൾക്ക് 4,90,000/- രൂപ (ചെക്ക് നം. 127338/30.06.2021) റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. 49 അയൽക്കൂട്ടങ്ങൾക്ക് 10,000/- രൂപ നിരക്കിലാണ് നൽകിയിട്ടുള്ളത്. അയൽക്കൂട്ടങ്ങളുടെ അപേക്ഷ പരിശോധിച്ചതിൽ ടി അയൽക്കൂട്ടങ്ങളിൽ പലതും കൃത്യമായി സമ്പാദ്യം നിക്ഷേപിക്കാത്തതായും, വായ്പാ തിരിച്ചടവ് കുടിശ്ശികയുള്ളതായും കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അയൽക്കൂട്ടത്തിന്റെ പേര് | അപാകത |
|---|---|
| ശ്രീകൃഷ്ണ, വാർഡ് | സമ്പാദ്യം എല്ലാ അംഗങ്ങളും നിക്ഷേപിക്കുന്നില്ല. വായ്പാ തിരിച്ചടവ് കുടിശ്ശികയാവുന്നു. |
| മിന്നാരം | വായ്പാ തിരിച്ചടവ് കുടിശ്ശികയാവുന്നു. |
| അന്നപൂർണ | സാമ്പത്തിക രജിസ്റ്ററിന്റെ കോപ്പി ഫയലിൽ വച്ചിട്ടില്ല. |
| നിറദീപം | സമ്പാദ്യം എല്ലാ ആഴ്ചയിലും നിക്ഷേപിക്കുന്നില്ല. വായ്പാ തിരിച്ചടവ് കുടിശ്ശികയാവുന്നു. |
| ശിവമയം | വായ്പാ തിരിച്ചടവിന്റെ വിശദാംശം വച്ചിട്ടില്ല. |
| കൃപ | സമ്പാദ്യം എല്ലാ ആഴ്ചയിലും നിക്ഷേപിക്കുന്നില്ല. വായ്പാ തിരിച്ചടവ് കുടിശ്ശികയാവുന്നു. |
| ശ്രീഭദ്ര | വായ്പാ തിരിച്ചടവിന്റെ വിശദാംശം വച്ചിട്ടില്ല. |
| കൊട്ടാരംതോപ്പിൽ | വായ്പാ തിരിച്ചടവിന്റെ വിശദാംശം വച്ചിട്ടില്ല. |

റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദേശം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം. KS/C/1237/2014/15.02.2014 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 3.1 ൽ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അത്

പ്രകാരം അംഗങ്ങൾ തങ്ങളുടെ സമ്പാദ്യം കൃത്യമായി എല്ലാ ആഴ്ചയിലും അയൽക്കൂട്ട യോഗത്തിൽ നിക്ഷേപിക്കേണ്ടതാണെന്നും കൃത്യമായി ആന്തരിക വായ്പാ പ്രവർത്തനം നടത്തേണ്ടതും വായ്പയുടെ തിരിച്ചടവ് കുറഞ്ഞത് 95% മെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/ 10.03.2023 ന് ലഭിച്ച മറുപടിയിൽ സമ്പാദ്യക്കുടിശ്ശിക വരുന്ന അയൽക്കൂട്ട അംഗങ്ങൾ അടുത്ത ആഴ്ചയിലോ അല്ലെങ്കിൽ മാസത്തിലൊരിക്കലോ കുടിശ്ശിക ഒരുമിച്ച് അടക്കുന്നുണ്ടെന്നും 2021-22 ലെ എല്ലാ വായ്പാ കുടിശ്ശികയും അടച്ച് തീർത്തിട്ടുണ്ടെന്നും ടി അയൽക്കൂട്ടങ്ങളുടെ 2020-21 വർഷം വരെയുള്ള കാസ്സ് ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ടി വിശദാംശങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ (അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക രജിസ്റ്റർ, പാസ്സ് ബുക്ക്, കാസ്സ് ഓഡിറ്റ് റിപ്പോർട്ട് തുടങ്ങിയവ) പരിശോധനക്ക് ലഭ്യമാക്കിയില്ല.

റിവോൾവിംഗ് ഫണ്ട് കൈപ്പറ്റിയ അയൽക്കൂട്ടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അയൽക്കൂട്ടത്തിന്റെ പേര് | വാർഡ് നം. |
|---|---|---|
| 1 | നിറദീപം | 1 |
| 2 | ശ്രേയ | 1 |
| 3 | ചൈതന്യ | 1 |
| 4 | അനുഗ്രഹ | 1 |
| 5 | തിരുവാതിര | 2 |
| 6 | കുരുവിക്കാട് | 2 |
| 7 | സ്നേഹതീരം | 2 |
| 8 | ഫ്രണ്ട്സ് | 3 |
| 9 | കൃഷ്ണ കൃപ | 3 |
| 10 | കണ്ടിയൂർ | 4 |
| 11 | കാശിനാഥൻ | 4 |
| 12 | പുണ്യം | 4 |
| 13 | ശിവം | 4 |
| 14 | അനുഗ്രഹ | 4 |
| 15 | തനിമ | 4 |
| 16 | സരിഗ | 6 |
| 17 | വിജയശ്രീ | 6 |
| 18 | ജലനിധി | 6 |
| 19 | ജ്വാല | 7 |
| 20 | ലക്ഷ്യ | 8 |
| 21 | ശ്രീകൃഷ്ണ | 10 |
| 22 | മൈത്രി | 10 |
| 23 | സൗഭാഗ്യ | 11 |
| 24 | ശിവമയം | 14 |
| 25 | കൃപ | 15 |
| 26 | ധനശ്രീ | 15 |
| 27 | ഉദയം | 16 |
| 28 | മിന്നാരം | 16 |
| 29 | ശ്രീഭദ്ര | 16 |
| 30 | ശബരി | 17 |
| 31 | കാർത്തിക | 18 |
| 32 | ശ്രീശക്തി | 18 |
| 33 | ഹരിതം | 19 |

| | | |
|---|---|---|
| 34 | നൻമ | 19 |
| 35 | വർഷ | 20 |
| 36 | ഐശ്വര്യ | 21 |
| 37 | ശ്രീകൃഷ്ണ | 23 |
| 38 | ശ്രീവിഘ്നേശ്വര | 24 |
| 39 | ഭുവനേശ്വരി | 25 |
| 40 | ദ്രൗപതി | 26 |
| 41 | ആഞ്ജനേയ | 26 |
| 42 | അന്നപൂർണ | 26 |
| 43 | മാരിയമ്മ | 26 |
| 44 | കൊട്ടാരംതോപ്പ് | 27 |
| 45 | പൗർണമി | 27 |
| 46 | സിസ്റ്റേഴ്സ് | 27 |
| 47 | ശിവതീർത്ഥം | 27 |
| 48 | സ്നേഹം | 27 |
| 49 | സൂര്യകാന്തി | 27 |

മേൽ സൂചിപ്പിച്ചിട്ടുള്ള അയൽക്കൂട്ടങ്ങൾ നിലവിലും സാമ്പത്തിക പ്രവർത്തനങ്ങൾ ചിട്ടയായ രീതിയിൽ നടത്തുന്നുണ്ട് എന്നതിന് ഉപോൽബലകമായ രേഖകൾ (അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക രജിസ്റ്റർ, പാസ്സ് ബുക്ക്, കാസ്സ് ഓഡിറ്റ് റിപ്പോർട്ട് ഉടങ്ങിയവ) പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 4,90,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-48 സാമൂഹ്യ സുരക്ഷ പെൻഷൻ - പെൻഷണറുടെ മരണശേഷം അനുവദിക്കപ്പെടുന്ന അർഹമായ പെൻഷൻ യഥാർത്ഥ അനന്തരാവകാശികൾക്ക് കൈമാറുന്നില്ല

സാമൂഹ്യ സുരക്ഷപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തി മരണപ്പെട്ടാൽ ടിയാളുടെ അർഹമായ കാലയളവിലുള്ള പെൻഷൻ തുക വ്യക്തിയുടെ മരണശേഷം ഗവൺമെന്റ് അനുവദിച്ചുനല്കുന്ന സാഹചര്യം ഉണ്ടാവാറുണ്ട്. അർഹമായ കാലയളവിലെ പെൻഷൻ തുക കിട്ടാൻ പെൻഷണറുടെ അനന്തരവകാശികൾക്ക് അവകാശമുണ്ട്. എന്നാൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷം അർഹമായ കാലയളവിലെ പെൻഷൻ തുക അനന്തരവകാശികൾക്ക് കൈമാറാതെ മരണപ്പെട്ട വ്യക്തികളുടെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|---|---|
| 1 | തങ്കച്ചൻ കണ്ടികളത്തിൽ മണക്കാട്, മാവേലിക്കര | വാർദ്ധക്യകാല പെൻഷൻ | 101820200261 | 09.02.23 | 22.02.23 | 12/22 | 1,600 |
| 2 | വിജയൻ വാഴവിളയിൽ ഈരേഴ നോർത്ത് ചെട്ടികുളങ്ങര | വാർദ്ധക്യകാല പെൻഷൻ | 101820200187 | 12.01.23 | 28.01.23 | 12/22 | 1,600 |
| 3 | പളനി ആചാരി മുരുകഭവനം, | കർഷക തൊഴിലാളി | 101820200055 | 12.12.22 | 26.12.22 | 12/22 | 1,600 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | കണ്ടിയൂർ, മാവേലിക്കര | പെൻഷൻ | | | | | | |

മേൽ സൂചിപ്പിച്ച വ്യക്തികൾ 2023 ഫെബ്രുവരി മാസം മരണപ്പെടുകയും ടിയാളുകൾക്ക് 2023 മാർച്ച് മാസം വാർദ്ധക്യകാല പെൻഷൻ അനുവദിക്കുകയും ചെയ്തു. മരണം നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടും സേവനയിലെ ടിയാളുകളുടെ പെൻഷൻ സ്റ്റാറ്റസ് സസ്പെന്റ് ചെയ്യപ്പെടുകയുണ്ടായില്ല. ഓഡിറ്റ് വകുപ്പിന്റെ പരിശോധനാവേളയിലും ടിയാളുകളുടെ സ്റ്റാറ്റസ് ആക്ടീവ് ആയിട്ടാണ് നിലനിൽക്കുന്നത്. വ്യക്തികളുടെ മരണം നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടും സേവനയിൽ ടിയാളുകളുടെ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്യാത്തതിന് കാരണം വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/17.03.23) അധികൃതർ മറുപടി ലഭ്യമാക്കിയില്ല. മരണം രജിസ്റ്റർ ചെയ്യപ്പെട്ട ശേഷവും മരിച്ചയാളുകളുടെ അക്കൗണ്ടിലേക്ക് തുക കൈമാറുന്നത് നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. ടിയാളുടെ അനന്തരാവകാശികൾക്കാണ് യഥാർത്ഥത്തിൽ തുക കൈമാറേണ്ടത്. അപ്രകാരമുള്ള നടപടിക്രമങ്ങൾ നഗരസഭ സ്വീകരിച്ചിട്ടില്ല. സ്റ്റാറ്റസ് സസ്പെൻഡ് ചെയ്യാതിരുന്നാൽ തുടർന്നും ഗവൺമെന്റ് പെൻഷൻ തുക അനുവദിക്കുമ്പോൾ അനർഹമായ കാലയളവിലെ പെൻഷൻ തുകയും കൈമാറാൻ ഇടയാകും എന്ന വസ്തുത മനസ്സിലാക്കി സ്റ്റാറ്റസ് സസ്പെന്റ് ചെയ്യാത്തത് കൃത്യവിലോപമായി കണക്കാക്കാനേ കഴിയൂ. ഇത്തരത്തിൽ അനർഹർക്ക് പെൻഷൻ വിതരണം നിർബാധം തുടരുകയും പെൻഷൻ ഇനത്തിൽ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യത വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകാതെയിരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-49 അഗതി ആശ്രയ പദ്ധതി - പദ്ധതി വിഹിതം ചെലവഴിക്കുന്നില്ല

പ്രോജക്ട് നം. - 4/2021-22

പ്രോജക്ടിന്റെ പേര് - ആശ്രയ പദ്ധതി

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ റഫറൻസ് നം. 21070447001500191352/12.07.2021 പ്രകാരം 3,00,000/- രൂപ പിൻവലിച്ച് അഗതി രഹിത കേരളം പദ്ധതിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഈ തുക നിലവിലും ചെലവാകാതെ അഗതി രഹിത കേരളം പദ്ധതിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്നതായി കാണുന്നു. അഗതികളുടെ എന്ത് ആവശ്യത്തിനായാണ് ടി തുക വകയിരുത്തിയതെന്ന് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻ വർഷങ്ങളിൽ ഇപ്രകാരം അനുവദിച്ചിട്ടുള്ള തുകകളും ചെലവഴിച്ചിട്ടില്ല എന്നാണ് സി.ഡി.എസ് സെക്ഷനിൽ നിന്നും അറിയിച്ചിട്ടുള്ളത്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/2021-22/10.03.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ആശ്രയ ഒന്നാം ഘട്ട പദ്ധതിയിൽ (2016-17-ന് മുമ്പ് ) 28,37,500/- രൂപ വികസനഫണ്ട് ലഭിച്ചതിൽ 16,42,500/- രൂപ ചെലവഴിച്ച് 9 പേർക്ക് വസ്തുവും 7 പേർക്ക് വീടും നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും ആശ്രയ രണ്ടാം ഘട്ട പദ്ധതിയിൽ (2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ) 12,00,000/- രൂപ നഗരസഭയിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്നും വസ്തു വാങ്ങുമ്പോൾ നഗരസഭ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് ഗുണഭോക്താക്കൾക്ക് താൽപര്യമില്ലാത്തതിനാൽ തുക ചെലവഴിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ആശ്രയ മൂന്നാം ഘട്ട പദ്ധതിയിൽ (2019-20, 2020-21 എന്നീ വർഷങ്ങളിൽ) 6,00,000/- രൂപ നഗരസഭയിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്നും ടി തുകകൾ വീട് ആവശ്യമുള്ള 3 പേരുടേയും ഭൂരഹിതരായുള്ള 15 പേരുടെയും ആവശ്യത്തിനായി വിനിയോഗിക്കുമെന്നും അറിയിച്ചിട്ടുണ്ട്. അഗതികളുടെ ആവശ്യത്തിനായി വ്യക്തമായ പ്രോജക്ടുകൾ തയ്യാറാക്കാതെ ഇപ്രകാരം പദ്ധതി വിഹിതം കൈമാറുന്നതിലൂടെ തുക നിഷ്ക്രിയമായി അക്കൗണ്ടിൽ അവശേഷിക്കുന്നതിന് കാരണമാകുന്നു. മുൻ വർഷങ്ങളിലുൾപ്പെടെ കൈമാറിയിട്ടുള്ള പദ്ധതി വിഹിതം അഗതികളുടെ അടിസ്ഥാന പശ്ചാത്തല വികസന ആവശ്യങ്ങൾക്കായി വിനിയോഗിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ അഗതിരഹിത കേരളം പദ്ധതിയുടെ അക്കൗണ്ടിൽ 34,87,644/- രൂപ നീക്കിയിരിപ്പുണ്ട്.

അഗതിരഹിത കേരളം പദ്ധതിരേഖ പ്രകാരം മാവേലിക്കര നഗരസഭയിലെ ഗുണഭോക്താക്കളുടെ എണ്ണം, ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/2021-22 ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ആവശ്യം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| വീട് ആവശ്യമുള്ളവർ | 3 |
| ഭൂരഹിതർ | 15 |
| കുടിവെള്ള സൗകര്യമില്ലാത്തവർ | 1 |

| | |
|---|---|
| ടോയ്‌ലെറ്റ് സൗകര്യമില്ലാത്തവർ | 1 |
| ഭവനപുനരുദ്ധാരണം ആവശ്യമുള്ളവർ | 1 |

### 1-50 LED ലൈറ്റ് സ്ഥാപിക്കൽ -അപാകതകൾ

പ്രോജക്ട് നം. - 198/22

പ്രോജക്ടിന്റെ പേര് - LED ലൈറ്റ് സ്ഥാപിക്കൽ

നിർവഹണം - സെക്രട്ടറി

ചെലവ് 1) Pfms Advice No. Co32293646358/31-03-2022, 649735/- രൂപ

2) Pfms Advice No. Co52260959432/31-05-2022, 450071/- രൂപ

നിലവിലെ 150 സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി പകരം LED ലൈറ്റ് സ്ഥാപിക്കാൻ വേണ്ടിയാണ് ടി പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ആകെ 188 LED ലൈറ്റുകൾ അക്രഡിറ്റഡ് ഏജൻസിയായ SILK ൽ നിന്ന് വാങ്ങിയിട്ടുണ്ട്. ടി പ്രോജക്ടിന്റെ നിർവഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് SILK ൽ നിന്നുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ടില്ല.

മാറ്റിയ സോഡിയം വേപ്പർ ലാമ്പുകൾ സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ പ്രകാരം 149 ലൈറ്റുകൾ ലൈറ്റുകൾ സ്ഥാപിച്ചതായി കാണുന്നു. ബാക്കി 39 ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് രേഖയില്ല.

തെരുവ് വിളക്ക് രജിസ്റ്റർ, തെരുവ് വിളക്ക് സംബന്ധിച്ച പരാതി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം.16/2021-22 ന് ലഭിച്ച മറുപടിയിൽ ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച SILK ൽ നിന്നുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും, മാറ്റിയ സോഡിയം വേപ്പർ ലാമ്പുകൾ സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തുന്നതാണെന്നും, ബാക്കി 39 ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തെരുവ് വിളക്ക് രജിസ്റ്റർ, തെരുവ് വിളക്ക് സംബന്ധിച്ച പരാതി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 10,99,806/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റിംഗ് കംപോസ്റ്റ് പദ്ധതി-ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ (ദാരിദ്ര്യ ലഘൂകരണ വിഭാഗം)

പ്രോജക്ട് നം.125/22

ഫണ്ട് - ശുചിത്വമിഷൻ ഫണ്ട്.

ചെലവ് 231325/- (ചെക്ക് നം. 110308/23.02.22)

2019-20 വർഷമാണ് നഗരസഭയിൽ റിംഗ് കമ്പോസ്റ്റ്(ജനറൽ) പദ്ധതി ആരംഭിച്ചത്. പദ്ധതിക്കായി ടെന്റർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.മോഹൻകുമാറുമായി 20.12.2019 ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ കാലാവധി 2020 മാർച്ച് 30 വരെയായിരുന്നു. 2019-20.2020-21, 2021-22 വർഷങ്ങളിൽ പ്രോജക്ടിന്റെ ഭാഗമായി റിംഗ് കമ്പോസ്റ്റുകൾ നൽകിയിട്ടുണ്ട്. 2021-22 വർഷം 95 റിംഗ് കമ്പോസ്റ്റുകൾ നൽകിയതിനായി ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 231325/-(95*2435) രൂപ ചെലവഴിച്ചു. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. 30.3.20 ന് ശേഷം ശ്രീ.മോഹൻകുമാറുമായുള്ള കരാർ നഗരസഭ പുതുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

2. ജി.ഒ.(എം.എസ്.)നം.3281/2018/തസ്വഭവ തീയതി 31.12.2018 ഉത്തരവ് പ്രകാരം വീടുകൾക്കുള്ള വിവിധ തലത്തിലുള്ള കമ്പോസ്റ്റിംഗ് യൂണിറ്റുകൾക്കുള്ള സബ്സിഡി ഗ്രാന്റ് 90%വും(തദ്ദേശ സ്ഥാപന വിഹിതം + ശുചിത്വ മിഷൻ വിഹിതം) ഗുണഭോക്തൃവിഹിതം 10% വും ആണ്. എന്നാൽ പദ്ധതി നടപ്പാക്കിയത് ഗുണഭോക്തൃവിഹിതം ഈടാക്കാതെ 100% സബ്സിഡി നിരക്കിലാണ്.

3. 2021-22 വർഷം തുക ചെലവഴിച്ച റിംഗ് കമ്പോസ്റ്റുകൾ ഗുണഭോക്താക്കൾക്ക് സ്ഥാപിച്ച് നൽകിയതിന്റെ വിവരം, കരാറുകാരൻ ഹാജരാക്കിയ ബിൽ എന്നിവ ഹാജരാക്കിയില്ല.

4. ആകെ സ്ഥാപിച്ച റിംഗ് കമ്പോസ്റ്റുകളുടെ എണ്ണം ലഭ്യമല്ല - ഫയൽ പരിശോധിച്ചതിൽ 2019-20 വർഷം 190, 2020-21 വർഷം 100 ഉൾപ്പെടെ ആകെ 290 റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചതായാണ് വ്യക്തമാകുന്നത്. എന്നാൽ 11.2.22 ലെ ഓഫീസ് നോട്ട് പ്രകാരം മുൻവർഷങ്ങളിൽ സ്ഥാപിച്ച റിംഗ് കമ്പോസ്റ്റുകളുടെ എണ്ണം 190 ആണ്. 190 റിംഗ് കമ്പോസ്റ്റുകളുടെ വില കണക്കാക്കിയാണ് വികസനഫണ്ടിൽ നിന്നും 2,813/-രൂപ അധികം ചെലവഴിച്ചതായും അത് ശുചിത്വമിഷൻ ഫണ്ടിൽ നിന്നും റിക്കപ്പ് ചെയ്യണമെന്നും രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ കൃത്യതക്കായി മുൻവർഷങ്ങളിലുൾപ്പെടെ ആകെ എത്ര റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചു എന്നതിന്റെയും ശുചിത്വമിഷൻ, പ്ലാൻ ഫണ്ട് ചെലവ് തുകകളുടെയും വിവരം നൽകാനാവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

സബ്സിഡി മാർഗ്ഗരേഖയിൽനിന്നും വ്യത്യസ്തമായി സബ്സിഡി അനുവദിച്ചത് കാരണം അധികം ചെലവഴിച്ച 23,133/- രൂപ നിരാകരിക്കുന്നു. മേൽ വിവരിച്ച അപാകതകൾ കാരണം ബാക്കിയുള്ള 2,08,192/- (231325- 23133) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം 10/10.3.23

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 114/22 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 22101004/8.3.2022 | 20,51,312/- | 0 | 20,51,312/- |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തീയതി | | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്.) നം.68/2018/ ത.സ്വ.ഭ.വ തീയതി 18.05.2018 | 9,16,00,000 | 78,26,667 | 6,66,667 | | 71,60,000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 32,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 32,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 32,00,000 (ക്ലീൻ കേരള മിഷന്റെ ഇക്വിറ്റി ഷെയറുകൾ - Certificate No. 56/26.12.2016) |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4- 7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-16 | 2015-16 | 4-12-1 | കാർഷിക പദ്ധതി | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

(ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 15,12,62,102 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 14,87,52,834 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 23,133 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1,21,25,635 |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 23,133 | ശ്രീ.പ്രമോദ് എ.എസ്., ഹെൽത്ത് സൂപ്പർവൈസർ |
| ആകെ | | 23,133 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 2,08,192 | ശ്രീ.പ്രമോദ് എ.എസ്., ഹെൽത്ത് സൂപ്പർവൈസർ |
| 1-27 | 3,00,000 | ശ്രീ.പ്രമോദ് എ.എസ്., ഹെൽത്ത് സൂപ്പർവൈസർ |
| 1-29 | 75,000 | ശ്രീ.പ്രമോദ് എ.എസ്., ഹെൽത്ത് സൂപ്പർവൈസർ |
| 1-32 | 10,25,584 | ശ്രീ.നാരായണൻ എസ്., സെക്രട്ടറി |
| 1-32 | 20,51,240 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 1-34 | 26,85,840 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| 1-36 | 12,39,813 | ശ്രീ.നാരായണൻ എസ്., സെക്രട്ടറി |
| 1-36 | 30,00,000 | ശ്രീമതി മുംതാസ് എ.എം., സെക്രട്ടറി |
| 1-38 | 4,32,989 | ശ്രീ.നാരായണൻ എസ്., സെക്രട്ടറി |
| 1-37 | 3,12,500 | ഡോ.പ്രിയ ശിവറാം സീനിയർ വെറ്ററിനറി സർജൻ |
| 1-40 | 5,54,000 | ശ്രീ.പ്രമോദ് എ.എസ്., ഹെൽത്ത് സൂപ്പർവൈസർ |
| 1-42 | 2,60,154 | ശ്രീമതി മുംതാസ് എ.എം., സെക്രട്ടറി |
| | 3,59,676 | ശ്രീ.രാജേഷ് ജി., സൂപ്രണ്ട്, സെക്രട്ടറി ഇൻ ചാർജ് |
| | 2,77,614 | ശ്രീ.നാരായണൻ എസ്., സെക്രട്ടറി |
| | 18,624 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |

| | | |
|---|---|---|
| 1-47 | 4,90,000 | ശ്രീ.ദിലീപ് കുമാർ റ്റി.കെ.,<br>ഹെൽത്ത് സൂപ്പർവൈസർ |
| 1-50 | 10,99,806 | ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി |
| ആകെ | 1,43,91,032 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-25 | 67,874 |
| ആകെ | 67,874 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മേഘ മേരികോശി<br>സെക്രട്ടറി | സെക്രട്ടറി<br>മാവേലിക്കര<br>മുനിസിപ്പാലിറ്റി | വലിയവീട്ടിൽ,<br>കെ ആർ.എ-68<br>കേദാരം നഗർ<br>ചാലക്കുഴി<br>പട്ടം.പി.ഒ<br>തിരുവനന്തപുരം |
| ശ്രീ.പ്രമോദ് എ.എസ്.,<br>ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ<br>കൊല്ലം കോർപ്പറേഷൻ | വിജയ നിവാസ്,<br>മുളവന പി.ഒ.,<br>കുണ്ടറ പി.ഒ.,<br>കൊല്ലം |
| ശ്രീ.നാരായണൻ എസ്.<br>സെക്രട്ടറി | സെക്രട്ടറി<br>തിരുവല്ല<br>മുനിസിപ്പാലിറ്റി | അനുപമ, ഹൌസിംഗ് കോളനി, കൈതവന, ആലപ്പുഴ |
| ശ്രീമതി മുംതാസ് എ.എം.<br>സെക്രട്ടറി | സെക്രട്ടറി<br>ആലപ്പുഴ<br>മുനിസിപ്പാലിറ്റി | താഴക്കാത്തുഹൌസ്,<br>മരങ്ങാട്,<br>കോന്നി, പ്രമാടം പി.ഒ.,<br>പത്തനംതിട്ട |
| ഡോ.പ്രിയ ശിവറാം<br>സീനിയർ വെറ്ററിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ<br>മാവേലിക്കര<br>മുനിസിപ്പാലിറ്റി | കാടലിൽ<br>ഈരേഴ നോർത്ത്<br>ചെട്ടികുളങ്ങര പി.ഒ.,<br>മാവേലിക്കര |
| ശ്രീ.ദിലീപ് കുമാർ റ്റി.കെ.<br>ഹെൽത്ത് സൂപ്പർവൈസർ | റിട്ടയേർഡ് | ഉഷാ ഭവനം,<br>കല്ലട പി.ഒ.,<br>കൊല്ലം |
| ശ്രീ.രാജേഷ് ജി. | സൂപ്രണ്ട്, മാവേലിക്കര മുനിസിപ്പാലിറ്റി | ശ്രീശൈലം,<br>പുതിയവിള സൌത്ത്,<br>കായംകുളം-690531 |

## 4-10 തീർപ്പാക്കാൻ അവശേഷികുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.എ.4-936/00/17.03.2001 |
| 1998-99 | എൽ.എഫ്.എ.4-937/00/17.03.2001 |
| 1999-2000 | എൽ.എഫ്.എ.4-218/02/18.08.2002 |
| 96-97 (ഫൈനൽ) | എൽ.എഫ്.എ.4-1031/03/15.12.2003 |
| 97-98(ഫൈനൽ) | എൽ.എഫ്.എ.4-1163/02/14.01.2003 |
| 98-99(ഫൈനൽ) | എൽ.എഫ്.എ.4-532/05/07.10.2005 |
| 2000-01 | എൽ.എഫ്.എ.4-673/05/09.11.2005 |
| 2001-02 ചെലവ് | എൽ.എഫ്.എ.4-938/05/05.05.2006 |
| 99-2000(ഫൈനൽ) | എൽ.എഫ്.എ.4-939/05/05.05.2006 |
| 2000-01(ഫൈനൽ) | എൽ.എഫ്.എ.4-821/07/12.08.2007 |
| 2001-02(ഫൈനൽ) | എൽ.എഫ്.എ.4-822/07/31.10.2007 |
| 2002-03 (വരവ് -ചെലവ്) | എൽ.എഫ്.എ.4-823/07/31.10.2007/06.07.2008 |
| 2003-04 | എൽ.എഫ്.എ.4-813/08/28.01.2009/22.04.2009 |
| 2004-05 | എൽ.എഫ്.എ.4-814/08/21.08.2009/22.04.2009 |
| 2005-06 | എൽ.എഫ്.എ.4-834/08/21.08.2009/22.04.2009 |
| 2006-07 | എൽ.എഫ്.എ.4-837/08/21.08.2009/11.08.2009 |
| 2007-08 | എൽ.എഫ്.എ.4-838/08/10.06.2009/01.10.2009 |
| 2008-09 | എൽ.എഫ്.എ.എം.1-500/12/06.12.2012 |
| 2009-10 (ചെലവ്) | എൽ.എഫ്.എ.എം.1-561/12/06.12.2012/14.12.2012 |
| 2009-10 (വരവ്), 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.എം.1-1991/2014/27.02.2015/01.05.2015 |
| 2013-14 | എൽ.എഫ്.എ.എം-1-1094/15/4.8.2015/31.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി./എം.1/559/2016/6.06.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി./ജി.എ5/160/17 തീയതി, 15.02.17/ 15.03.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി./ജി.എ5/1128/17തീയതി 20-9-2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി./ജി.എ5/138/19 തീയതി 08.04.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി./ജി.എ8/405/2020/03.06.20 |
| 2019-20 | കെ.എസ്.എ.എ.എൽ.പി./ജി.എ8/142/2022/21.04.22 |
| 2020-21 | കെ.എസ്.എ.എ.എൽ.പി./ജി.എ8/143/2022/15.07.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്